# നായർ സർവ്വീസ് സൊസൈറ്റി

# നിബന്ധനകൾ

***

1090 തുലാം 15–ാം തീയതി (1914 ഒക്ടോബർ 31) സ്ഥാപിക്കപ്പെട്ടതും
തിരുവിതാംകൂർ കമ്പനി നിയമപ്രകാരം 1100 മിഥുനം 17–ാം തീയതി
(1924 ജൂൺ 30) 12–ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടതുമായ സംഘം.

**

27–6–1958, 12–6–1971, 12–8–1984, 14–8–1988, 12–6–1999
എന്നീ തീയതികളിൽ കൂടിയ വിശേഷാൽ
പൊതുയോഗങ്ങൾ പാസ്സാക്കിയ ഭേദഗതി
പ്രകാരം പരിഷ്ക്കരിക്കപ്പെട്ടത്.

*


**ഹെഡ് ആഫീസ് - ചങ്ങനാശ്ശേരി**

**കേരളാ സ്റ്റേറ്റ്**

1999

# Certificate of Incorporation

## No. 12 of 1100 M. E.

Pursuant to section 26 of the
TRAVANCORE COMPANIES REGULATION, 1 of 1092

**I here by certify that the NAIR SERVICE SOCIETY, CHANGANACHERRY, has this day bee incorporated under section 26 of the Travancore Companies Regulation, 1 of 1092 as a Company Limited by Guarantee but without the addition of the word 'Limited' to its name as per licence dated 18th March 1925 certified by the Government in its favour.**

**Given under my hand at Trivandrum this the seventeenth day of Mithunam One thousand one hundred.**

**[SIGNED]**
***Ag. Registrar of Joint Stock Companies)***

**Justice K. Haripal**
**Judge**
**High Court of Kerala**
**Kochi-682 031**

# നായർ സർവ്വീസ് സൊസൈറ്റി

# മെമ്മോറാണ്ഡം

1. ഈ സൊസൈറ്റിയുടെ പേര് – "നായർ സർവ്വീസ് സൊസൈറ്റി" എന്നാകുന്നു.

2. സൊസൈറ്റിയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് "ചങ്ങനാശേരി" ആയിരിക്കുന്നതാണ്.

3. സൊസൈറ്റിയുടെ ഉദ്ദേശങ്ങൾ താഴെപ്പറയുന്നവയാകുന്നു.

എ. നായന്മാരുടെ ഇടയിൽ സാന്മാർഗ്ഗികബോധവും സാമുദായിക ബന്ധങ്ങളും ദൃഢതരവും, കാലോചിതങ്ങളും ആക്കി നിലനിർത്തുന്നതിന് നാനാഭാഗങ്ങളിലും കരയോഗങ്ങൾ സ്ഥാപിക്കുകയും, ദേശീയക്ഷേമത്തെ യഥായോഗ്യം അഭിവൃദ്ധമാക്കുകയും ചെയ്യുക.

ബി. സൊസൈറ്റി പ്രവർത്തികൾക്കായി അതിലെ അംഗങ്ങളേയോ, സൊസൈറ്റിയാൽ തെരഞ്ഞെടുക്കപ്പെടുന്ന മറ്റു വല്ലവരേയുമോ പരിശീലിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുക.

സി. ആവശ്യമുള്ള സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ, തൊഴിൽ പാഠശാലകൾ, വ്യവസായശാലകൾ, അനാഥശാലകൾ, വിദ്യാർത്ഥിസത്രങ്ങൾ, ആശുപത്രികൾ, ആശ്രമങ്ങൾ മുതലായവ സ്ഥാപിച്ചു നടത്തുക.

ഡി. സമുദായ പരിഷ്ക്കരണത്തിനും രാജ്യക്ഷേമത്തിനും ഉതകത്തക്കവിധം വർത്തമാനപ്പത്രങ്ങളും മാസികകളും നടത്തുകയും മുദ്രാലയങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

ഇ. ഗ്രന്ഥാലയങ്ങളും വായനശാലകളും ഏർപ്പെടുത്തുക.

എഫ്. നായന്മാരുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ദേശം തോറും കാണുന്ന വ്യത്യാസങ്ങളേയും അനുചിതങ്ങളായ മറ്റു നടപടികളേയും ഭേദപ്പെടുത്തി അവയ്ക്ക് ഐകരുപ്യമുണ്ടാക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുക.

എച്ച്. അധഃകൃതവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രയത്നിക്കുക.

ഐ. മേൽപറയപ്പെട്ട കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടതാണെന്നോ, സൗകര്യമുള്ളതാണെന്നോ സൊസൈറ്റിക്കു തോന്നുന്ന വസ്തുക്കളും തോട്ടങ്ങളും സ്ഥാപനങ്ങളും മറ്റവകാശങ്ങളും സമ്പാദിക്കുക. അങ്ങനെ സമ്പാദിക്കുന്ന വസ്തുക്കളിൽ നിന്നും ആദായം ഉണ്ടാക്കുന്നതിനായി റബ്ബർ, തേയില, ഏലം, കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, മുതലായി അപ്പഴപ്പോൾ ആവശ്യമെന്നു തോന്നുന്ന എല്ലാവക കൃഷികളും ചെയ്യുകയോ ചെയ്യിക്കയോ ചെയ്യുക.

ജെ. ഡിബഞ്ചുവർ കടമായോ, ഡിബഞ്ചുവർ സ്റ്റോക്കായോ, മറ്റു വിധത്തിലോ പണം കടം വാങ്ങുകയോ, ഉണ്ടാക്കുകയോ ചെയ്യുക.

കെ. പ്രോമിസറി നോട്ടുകൾ, കൈമാറ്റബില്ലുകൾ, ഡിബഞ്ചുവർ പ്രമാണങ്ങൾ ആദിയായി കൈമാറ്റം ചെയ്യപ്പെടാവുന്ന കാരണങ്ങളെ സൃഷ്ടിക്കുക, സ്വീകരിക്കുക, വിലവെയ്ക്കുക, എൻഡോഴ്സ് ചെയ്യുക.

എൽ. സ്വത്തുക്കൾ മുഴുവനായോ കുറേഭാഗമോ സൊസൈറ്റിയുടെ അവകാശമോ, നന്നാക്കുക, ഭരിക്കുക, പുഷ്ടിപ്പെടുത്തുക, വെച്ചുമാറുക, പണയം വയ്ക്കുക, വിൽക്കുക അല്ലെങ്കിൽ മറ്റേതുതരത്തിലെങ്കിലും പെരുമാറുക.

എം. സൊസൈറ്റിയുടെ ഗുണത്തിനുതകുന്ന ഏതെങ്കിലും ഉദ്ദേശത്തോടുകൂടി നടത്തപ്പെടുന്ന മറ്റു സ്ഥാപനങ്ങളേയോ സംഘങ്ങളേയോ കമ്പനികളേയോ സഹായിച്ചു അഭിവൃദ്ധിപ്പെടുത്തുക, അവയുടെ ഭരണാധികാരങ്ങളേയോ അവകാശങ്ങളേയോ ഏറ്റുവാങ്ങുക.

എൻ. മേൽപറയപ്പെട്ട ഉദ്ദേശങ്ങൾ സാധിക്കുന്നതിലേയേക്ക് ഉപയുക്തമെന്ന് തോന്നുന്ന മറ്റേതു നിയമാനുസൃതമായ പ്രവത്തികളും ചെയ്യുക.

എന്നാൽ തിരുവിതാംകൂറിലെ ധർമ്മസ്ഥാപനങ്ങളുടെ ഖജാൻജിക്ക് അധീനമായിരിക്കുന്ന ഏതെങ്കിലും വസ്തു സൊസൈറ്റി അനുഭവിക്കുകയോ സ്വീകരിക്കുകയോ ചെയ്താൽ നിയമപ്രകാരമുള്ള അനുവാദം കൂടാതെ ടി വസ്തു വിൽക്കുന്നതിനോ പണയമെഴുതുന്നതിനോ ഈടുവയ്ക്കുന്നതിനോ പാട്ടം കൊടുക്കുന്നതിനോ സൊസൈറ്റിക്കധികാരം ഉണ്ടായിരിക്കുന്നതല്ല. ഇത്തരം വസ്തുക്കളിൽ തങ്ങളുടെ

കൈവശം ഇരിക്കുന്ന വസ്തുക്കളെ സംബന്ധിച്ചിടത്തോളം സൊസൈറ്റി ഉത്തരവാദിത്വം വഹിക്കുന്നതാണ്. അവരുടെ പ്രവർത്തികൾക്കും ഉപേക്ഷകൾക്കും കുറ്റങ്ങൾക്കും സമാധാനം ബോധിപ്പിക്കുവാൻ സൊസൈറ്റി ബാദ്ധ്യസ്ഥന്മാരാണ്. വസ്തുക്കളുടെ ആദായങ്ങൾ ചെലവാക്കുന്ന കാര്യത്തിലും സൊസൈറ്റിക്ക് പൂർണ്ണമായ ചുമതലയുണ്ട്. ഈ ചുമതല ഇപ്രകാരം ഒരു സംഘമായി രൂപവല്ക്കരിക്കപ്പെടാതിരിക്കുന്ന ഒരു സ്ഥാപനത്തിനുള്ള ചുമതല പൊലെയാകുന്നു. നീതിന്യായക്കോടതിക്കോ ഗവൺമെന്റിനോ സൊസൈറ്റിയുടെ മേലുള്ള അധികാരം കമ്പിനിയായി രൂപവൽക്കരിക്കപ്പെട്ടതുകൊണ്ട് ഒട്ടുംതന്നെ കുറയുന്നതല്ല. നേരെമറിച്ച് മേൽക്കാണിച്ചപ്രകാരമുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം സൊസൈറ്റിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്. ട്രസ്റ്റിനു അധീനപ്പെട്ടിരിക്കുന്ന ഏതെങ്കിലും വസ്തുക്കൾ സൊസൈറ്റിയുടെ കൈവശം വന്നുചേരുകയാണെങ്കിൽ ട്രസ്റ്റ് നിയമപ്രകാരംമാത്രമെ ആ വസ്തുക്കളെ സൊസൈറ്റിക്ക് കൈകാര്യം ചെയ്യാൻ പാടുള്ളു.

4. സൊസൈറ്റിവക വസ്തുക്കളും അവയിൽനിന്നുണ്ടാകുന്ന ആദായങ്ങളും മെമ്മോറാണ്ഡത്തിൽ വിവരിച്ചിട്ടുള്ള സൊസൈറ്റി ഉദ്ദേശങ്ങൾക്ക് വേണ്ടി മാത്രമേ ചെലവിടുവാൻ പാടുള്ളു. വസ്തുക്കളുടെയോ ആദായത്തിന്റേയോ ഒരംശംപോലും സൊസൈറ്റി അംഗങ്ങൾക്ക് പ്രത്യക്ഷമായോ അല്ലാതെയോ പങ്കിട്ടെടുക്കാവുന്നതല്ല. എന്നാൽ സൊസൈറ്റിയിലെ ഉദ്യോഗസ്ഥന്മാർക്കോ, വേലക്കാർക്കോ അവരുടെ ജോലിയ്ക്ക് പ്രതിഫലമായി ഏതെങ്കിലും ആദായം നൽകുന്നതിന് മേൽപറഞ്ഞ നിയമം ബാധകമായിരുക്കുന്നതല്ല. സൊസൈറ്റിക്കുവേണ്ടി തങ്ങൾ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തികൾക്ക് പ്രതിഫലം നൽകുന്നതിനും മേൽവിവരിച്ച നിയമം പ്രതിബന്ധമാകുന്നതല്ല.

5. ഈ മെമ്മോറാണ്ഡത്തിന്റെ 4-ാമത്തെ വകുപ്പ് തിരുവിതാംകൂറിലെ 92 – ലെ 1-ാം റഗുലേഷൻ 26-ാം വകുപ്പും പ്രകാരമുള്ള ഒരു ലൈസൻസ് ഗവൺമെന്റിൽനിന്നും സൊസൈറ്റിക്ക് അനുവദിച്ചുതരുന്നതിലേയ്ക്ക് ഉള്ള ഒരു വ്യവസ്ഥയാകുന്നു.

6. മെമ്പറന്മാരുടെ ബാദ്ധ്യത ക്ലിപ്തമാണ്.

7. സൊസൈറ്റിയിലെ ഓരോ അംഗവും താൻ മെമ്പറായിരിക്കുന്നകാലത്തോ അതു കഴിഞ്ഞ് ഒരു സംവൽസരത്തിനുള്ളിലോ സൊസൈറ്റി നിറുത്തലാക്കപ്പെട്ടുക

യാണെങ്കിൽ, സൊസൈറ്റി മുതലിലേയ്ക്ക് താൻ കൊടുക്കേണ്ട അംശത്തിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. സൊസൈറ്റിയിലെ ഒരംഗം താൻ മെമ്പർസ്ഥാനം ഒഴിയുന്നതിനുമുമ്പ് സൊസൈറ്റിക്കുണ്ടായിട്ടുള്ള കടങ്ങൾക്കും, നഷ്ടങ്ങൾക്കും സൊസൈറ്റി നിറുത്തൽ ചെയ്യുന്നതിലേയ്ക്കുള്ള ചെലവുകൾക്കും അംഗങ്ങൾ തമ്മിലുള്ള അവകാശങ്ങൾ നിർണ്ണയിക്കുന്ന കാര്യങ്ങൾക്കും ഉത്തരവാദിയായിരുക്കുന്നതാണ്.

എന്നാൽ ഇങ്ങനെ ആവശ്യപ്പെടാവുന്ന തുക ഒരിക്കലും പത്തുരൂപയിൽ അധികമാകാൻ പാടുള്ളതല്ല.

8. സൊസൈറ്റി നിറുത്തലാക്കപ്പെടുമ്പോൾ കടങ്ങൾ മുതലായ ബാദ്ധ്യതകൾ കഴിച്ചിട്ട് എന്തെങ്കിലും സ്വത്തു ബാക്കിവന്നാൽ അതിനെ സൊസൈറ്റി അംഗങ്ങൾക്ക് കൊടുക്കുകയോ തമ്മിൽ പങ്കിട്ടെടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സൊസൈറ്റിയുടെ ഉദ്ദേശങ്ങളോട് യോജിച്ച് മറ്റു സംഘങ്ങളോ സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ അവയ്ക്കായി നീക്കിവയ്ക്കാവുന്നതാണ്. ഈ കാര്യം നിർണ്ണയിക്കുന്നതിനുള്ള അധികാരം സൊസൈറ്റി നിന്നു പോകുമ്പോഴോ അതിനു മുമ്പോ സൊസൈറ്റി അംഗങ്ങൾക്കായിരിക്കും. ഇവർ ആ അധികാരം പ്രയോഗിക്കാത്തപക്ഷം ഈ വസ്തുക്കൾ അധീനമാകുന്ന സിവിൽക്കോടതിയുടെ യുക്തം പോലെ പ്രവർത്തിക്കാവുന്നതാകുന്നു.

9. ഈ മെമ്മോറാണ്ഡപ്രകാരം താഴെ പേരുകളും മേൽവിലാസങ്ങളും കാണിച്ചിരിക്കുന്ന ഞങ്ങളെ സൊസൈറ്റി രജിസ്റ്റർ ചെയ്യിക്കുന്നതിന് അധികാരമുള്ള ഒരു കൗൺസിലായി സൊസൈറ്റി തെരഞ്ഞെടുത്തിരിക്കുന്നതിനാൽ ഇതിനെ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘമാക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു.

1) കോഴപ്പള്ളിൽ കെ. കേളപ്പൻനായർ, കുറുമ്പനാട്, മലബാർ.

2) മന്നത്തു കെ. പത്മനാഭപിള്ള, ചങ്ങനാശേരി

3) നാഗവള്ളിൽ കെ. കൊച്ചുകുഞ്ഞുകുറുപ്പ്, മുട്ടാർ, ചങ്ങനാശേരി

4) കാക്കനാട്ടു കൊച്ചുപുരയ്ക്കൽ എൻ. നാരായണപ്പണിക്കർ,

വെളിയനാട്, ചങ്ങനാശേരി.

5) നൈനാടത്തു ത്രിവിക്രമക്കയ്മൾ, നീലംപേരൂർ, ചങ്ങനാശേരി.

6) പനങ്ങോട്ട് എൻ. കേശവപ്പണിക്കർ, മുട്ടാർ, ചങ്ങനാശേരി.

7) കൊണ്ടൂർ കെ. കൃഷ്ണപിള്ള, തൃക്കൊടിത്താനം, ചങ്ങനാശേരി.

8) പൊതുവാടത്തു കെ. പത്മനാഭപിള്ള, വാഴപ്പള്ളി, ചങ്ങനാശേരി.

9) പടിഞ്ഞാറെനെന്മേനിയിൽ വി. കൃഷ്ണപിള്ള, ചങ്ങനാശേരി.

10) പനയ്ക്കാട് ജി. പരമേശ്വരക്കുറുപ്പ്, മുട്ടാർ, ചങ്ങനാശേരി.

11) വാൽപ്പറമ്പിൽ കെ. വേലായുധൻപിള്ള, വാഴപ്പള്ളി, ചങ്ങനാശേരി.

12) തളിയിൽ റ്റി. എസ്. മാധവൻപിള്ള, വാഴപ്പള്ളി, ചങ്ങനാശേരി.

13) പള്ളിപ്രത്ത് ആർ. കേശവപിള്ള, പെരുന്ന, ചങ്ങനാശേരി.

14) കൊററനാട്ടിൽ എസ്. പത്മനാഭപിള്ള, പുഴവാത്, ചങ്ങനാശേരി.

# നായർ സർവ്വീസ് സൊസൈറ്റി

## നിയമങ്ങൾ

### അർത്ഥവിവരണം.

1. താഴെക്കാണുന്ന നിയമങ്ങളിൽ വിഷയത്തിനോ സന്ദർഭത്തിനോ വിയോജിക്കാതെ വരുന്ന സ്ഥലങ്ങിൽ-

ഏ. "സൊസൈറ്റി" എന്നോ"സംഘം" എന്നോ ഉള്ള പദം ഉപയോഗിച്ചാൽ "നായർ സർവ്വീസ് സൊസൈറ്റി" എന്നാണർത്ഥം.

നായർ സർവ്വീസ് സൊസൈറ്റി എന്നതിനെ "എൻ. എസ്. എസ്. "എന്ന ചുരുക്കപ്പേരിലും പറയാവുന്നതാണ്.

ഏ. 1. "എൻ. എസ്സ്. എസ്സ്. ബോർഡ്" എന്നോ "ഡയറക്ടർ ബോർഡ്" എന്നോ "ബോർഡ്" എന്നോപറഞ്ഞാൽ സർവ്വീസ് സൊസൈറ്റി ഭരണത്തിനായി സൊസൈറ്റിയുടെ പൊതുയോഗം തിരഞ്ഞെടുക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു.

ബി. ''എക്സിക്യുട്ടീവ് കൗൺസിൽ'' എന്നോ ''എൻ. എസ്സ്. എസ്സ്. കൗൺസിൽ " എന്നോ "കൗൺസിൽ" എന്നോ പറഞ്ഞാൽ സൊസൈറ്റി ഭരണത്തിനായി ഡയറക്ടർ ബോർഡിൽനിന്നും തെരഞ്ഞെടുക്കുന്ന കൗൺസിൽ എന്നർത്ഥമാകുന്നു.

സി. "സമുദായം" എന്നാൽ "നായർ സമുദായം" എന്നാകുന്നു.

ഡി. ''നിബന്ധന'' എന്നാൽ സൊസൈറ്റിയുടെ കൂട്ടു നിബന്ധനകളും, അവയെ ഭേദപ്പെടുത്തിയോ അവയോട് ചേർത്ത് അധികമായോ ഉണ്ടാക്കപ്പെടുന്ന സകല നിബന്ധനകളും ആകുന്നു.

ഇ. "ഉപനിബന്ധന"എന്നതിന് ഡയറക്ടർ ബോർഡിൽനിന്നും പാസ്സാക്കി നടപ്പിൽ വരുത്തുന്ന ഉപനിബന്ധന എന്നർത്ഥമാകുന്നു.

എഫ്. "കരയോഗം" എന്നാൽ സർവ്വീസ് സൊസൈറ്റിയാൽ ഏർപ്പെടുത്തപ്പെട്ടതോ, അതിനോടനുബന്ധിക്കപ്പെട്ടതോ ആയ കരതോറുമുള്ള നായർ സമാജമാകുന്നു.

ജി. "കരയോഗയൂണിയൻ" എന്നാൽ കരയോഗഭരണത്തിനായി നിബന്ധന പ്രകാരം ക്ലിപ്തപ്പെടുത്തപ്പെട്ട കരയോഗപ്രതിനിധികളെ ചേർത്ത് ഉണ്ടാക്കപ്പെടുന്ന സംഘമാകുന്നു.

എച്ച്. ''അംഗം'' എന്നാൽ സൊസൈറ്റിയിലെ വ്യക്തിമെമ്പറന്മാർക്കും സൊസൈറ്റിയിൽ മെമ്പറന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ള കരയോഗങ്ങൾക്കും കരയോഗ യൂണിയനും മറ്റു സ്ഥാപനങ്ങൾക്കും ഉള്ള സാമാന്യമായ പേരാകുന്നു.

ഐ. "എലക്ടറൽ റോൾ" എന്നാൽ സൊസൈറ്റിയിൽ അംഗമായി ചേർന്നിട്ടുള്ള സ്ഥാപനങ്ങളേയും വ്യക്തികളേയും ഉൾപ്പെടുത്തി, എൻ. എസ്സ്. എസ്സ്. പൊതുയോഗത്തിലേയ്ക്ക് മെമ്പറന്മാരെ തെരഞ്ഞെടുക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ എന്നും "പ്രതിനിധി" എന്നാൽ താലൂക്ക് തോറുമുള്ള ഇലക്ടറൽ റോളിൽപെട്ട അംഗങ്ങളുടെ യോഗം കൂടി സ്ഥാപന മെമ്പറന്മാരിൽനിന്നും വ്യക്തി മെമ്പറന്മാരിൽനിന്നും 1(എൻ) ഉപവകുപ്പിനു വിധേയമായി അഞ്ചിൽ ഒന്നുവീതം എന്ന കണക്കിന് സൊസൈറ്റിയിലേക്ക് തെരഞ്ഞെടുത്തയയ്ക്കുന്ന മെമ്പർ-പ്രതിനിധി - എന്നും അർത്ഥമാകുന്നു. "സ്ഥാപനങ്ങൾ"എന്നാൽ, കരയോഗങ്ങൾ, കരയോഗയൂണിയനുകൾ, സൊസൈറ്റിയിൽ അംഗത്വം എടുത്തിട്ടുള്ള മറ്റു സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു.

ജെ. "എഴുത്ത്എന്നു പറയുന്നതിൽ അച്ചടിയും കല്ലച്ചും മറ്റു വിധത്തിലുള്ള എഴുത്തുകളും ഉൾപ്പെടുന്നതാണ്.

കെ. പുല്ലിംഗത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന വാക്കുകളിൽ സ്ത്രീലിംഗാർത്ഥവും ഉൾപ്പെട്ടിട്ടുണ്ട്.

എൽ. ഏകവചനത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള വാക്കുകൾക്ക് ബഹുവനചനാർത്ഥവും, ബഹുവചനത്തിൽ ഉപയോഗിച്ചിട്ടുള്ളതിന് ഏക വചനാർത്ഥവും ഉണ്ടായിരിക്കുന്നതാണ്.

എം. "ആൾ" എന്നു പറയുന്നതിൽ കരയോഗവും കരയോഗം യൂണിയനും മറ്റു സ്ഥാപനവും എന്നർത്ഥമുണ്ട്.

എൻ. പൊതുയോഗം (ജനറൽബോഡി) എനാൽ ഒന്നാം വകുപ്പ് "ഐ" ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം തെരഞ്ഞെടുത്തയയ്ക്കുന്ന മെമ്പറന്മാർ (പ്രതിനിധികൾ) ചേർന്നുള്ള യോഗം എന്നർത്ഥമാകുന്നു. എന്നാൽ പൊതുയോഗ

ത്തിന്റെ മൊത്തം അംഗസംഖ്യ പരമാവധി 300 ൽ കവിയാൻ പാടില്ലാത്തതും അഞ്ചിലൊന്ന് എന്ന അനുപാതമനുസരിച്ച് തെരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ എണ്ണം മുന്നൂറിൽ കവിയുന്നതായിവരുമ്പോൾ അഞ്ചിലൊന്ന് എന്ന അനുപാതം പരമാവധി 300 എന്ന കണക്കിന് വിധേയമായി കുറയുന്നതും ഓരോ താലൂക്കിലേയും പ്രതിനിധികളുടെ അനുപാതവും എണ്ണവും നിശ്ചയിക്കുന്നതിനുള്ള അധികാരം 90–ാം വകുപ്പനുസരിച്ച് നിയമിക്കുന്ന ഇലക്ഷൻ കമ്മീഷന് ഉണ്ടായിരിക്കുന്നതുമാകുന്നു.

2. മെമ്മോറാണ്ഡത്തിൽ ഒപ്പിട്ടിട്ടുള്ള ആളുകൾ ഉൾപ്പെടെ, അനുബന്ധത്തിൽ ചേർത്തിട്ടുള്ള പട്ടികയിൽ പേരുപറയുന്നവരായി ഇപ്പോൾ സൊസൈറ്റിയിൽ ഉള്ള 80 അംഗങ്ങളും ഈ നിയമപ്രകാരം അംഗങ്ങളാക്കപ്പെടുന്ന ആളുകളും സ്ഥാപനങ്ങളും അല്ലാതെ മറ്റാരേയും സംഘത്തിലെ മെമ്പറന്മാരായി വിചാരിക്കുകയോ രജിസ്റ്ററിൽ പേരു ചേർക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

## അംഗങ്ങളുടെ യോഗ്യതകളും അവകാശങ്ങളും ബാദ്ധ്യതകളും

3. നായർ വർഗ്ഗത്തിൽപെട്ട പ്രായപൂർത്തിവന്ന ഏതൊരു പുരുഷനും സ്ത്രീക്കും സൊസൈറ്റിയാൽ ഏർപ്പെടുത്തപ്പെട്ടതോ അംഗീകരിക്കപ്പെട്ടതയോആയ ഏതു കരയോഗത്തിനും കരയോഗ യൂണിയനും മറ്റു സ്ഥാപനത്തിനും സൊസൈറ്റിയിലെ അംഗമായി ചേരാവുന്നതാകുന്നു.

4. അംഗങ്ങൾ രണ്ടുതരത്തിൽ വിഭജിക്കപ്പെട്ടിരിക്കും.

i) സ്ഥിരം മെമ്പറന്മാർ

ii) ആയുഷ്ക്കാലമെമ്പറന്മാർ

5. രണ്ടാം വകുപ്പിൽ പറയുന്ന അനുബന്ധത്തിൽപെട്ട സർവ്വീസ് സൊസൈറ്റിയിലെ ഇപ്പോഴുള്ള 80 അംഗങ്ങളും ഈ നിബന്ധനയനുസരിച്ച് അംഗങ്ങളായി ചേർക്കപ്പെടുന്ന സ്ഥാപനങ്ങളും സ്ഥിര മെമ്പറന്മാരായിരിക്കുന്നതാണ്.

6. മേലാൽ ചേർക്കപ്പെടുന്ന വ്യക്തിമെമ്പറന്മാരെല്ലാം ആയുഷ്ക്കാല മെമ്പറന്മാർ മാത്രമായിരിക്കുന്നതാണ്.

7. ജീവിതകാലം മുഴുവൻ സൊസൈറ്റിക്കുവേണ്ടി സൊസൈറ്റിയുടെ ആജ്ഞാനുസരണം ജോലിചെയ്യാൻ ഒരുക്കവും യോഗ്യതയുമുള്ള ഏതൊരു നായരേയും സംഭാവനയൊന്നും വാങ്ങാതെതന്നെ സൊസൈറ്റിയിലെ ഒരംഗമായി പൊതുയോഗത്തിനു ചേർക്കാവുന്നതാകുന്നു. അങ്ങനെ ചേർക്കപ്പെട്ട ഒരംഗം തൃപ്തികരമായി ജോലി ചെയ്യാതിരിക്കുകയോ മതിയായ മറ്റു കാരണങ്ങളുണ്ടാകയോ ചെയ്യുന്ന പക്ഷം ആ ആളെ പൊതുയോഗത്തിനു മെമ്പർ സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

8. സൊസൈറ്റിയിലെ സ്ഥിരം അംഗം(സ്ഥാപനമെമ്പർ) ആകുന്നതിന് 1000/- രൂപയും ആയുഷ്ക്കാല അംഗം (വ്യക്തിമെമ്പർ) ആകുന്നതിന് 5000/- രൂപയും സൊസൈറ്റിയിൽ അടയ്ക്കേണ്ടതാകുന്നു. എന്നാൽ സ്ഥാപനങ്ങളുടെ കാര്യത്തിൽ അവയുടെ സൗകര്യത്തിനുവേണ്ടി ഈ സംഖ്യ നാലുഗഡുക്കളായി അടച്ചാൽ മതിയാവുന്നതാകുന്നു. അപേക്ഷയോടുകൂടി അടയ്ക്കുന്ന 250/- രൂപയ്ക്ക് പുറമേയുള്ള 750/- രൂപാ അപേക്ഷ അനുവദിക്കുന്ന തീയതിമുതൽ മൂന്നു വർഷത്തിനകം മൂന്നു തുല്യ ഗഡുക്കളായി അടച്ചു തീർത്തിരിക്കേണ്ടതാകുന്നു. ഇതിൽ ഏതെങ്കിലും ഒരു ഗഡുതെറ്റിയാൽ കുടിശിക അടയ്ക്കുന്നതുവരെ ആ സ്ഥാപനത്തിന്റെ പ്രതിനിധിക്ക് ഇലക്ടറൽ റോളിൽ തുടരുന്നതിന് അവകാശമില്ലാത്തതും അവസാന ഗഡുവിനകം മുഴുവൻ സംഖ്യയും അടച്ചുതീർത്തില്ലെങ്കിൽ ആ സ്ഥാപനത്തിന്റെ മെമ്പർഷിപ്പ് ഇല്ലാതാകുന്നതുമാകുന്നു. വ്യക്തിമെമ്പർമാർ അപേക്ഷയോടുകൂടി അടയ്ക്കുന്ന 250/- രൂപാ നീക്കിയുള്ള 4750/- രൂപയും അപേക്ഷയനുവദിച്ച് 30 ദിവസത്തിനകം ഒന്നിച്ചടയ്ക്കേണ്ടതാകുന്നു.

മേൽ വിവരിച്ച പ്രകാരം മെമ്പർഷിപ്പ് ഇല്ലാതായിട്ടുള്ള സ്ഥാപനങ്ങളെ, അവർ അടയ്ക്കാനുള്ള കുടിശിഖ സംഖ്യ മുഴുവനും ഒന്നാകെ അവസാന ഗഡുവുമുതൽ10% പലിശയോടുകൂടി അടയ്ക്കുന്നപക്ഷം എൻ. എസ്സ്. എസ്സ്. കൗൺസിലിന്റെ യുക്തപ്രകാരം അവരെ മെമ്പറായി ചേർക്കാവുന്നതാകുന്നു.

ആകെയുള്ള സ്ഥാപനമെമ്പർമാരുടെ ¼ (നാലിൽ ഒന്ന്) എണ്ണത്തിൽ കവിഞ്ഞ് വ്യക്തിമെമ്പർമാരെ ചേർക്കുവാൻ പാടില്ലാത്തതുമാകുന്നു.

9. അംഗമായി ചേരാൻ വിചാരിക്കുന്നവർ"ഏ" ഫാറത്തിൽ ഒരപേക്ഷ എഴുതി 250/- രൂപയോടുകൂടി ജനറൽ സെക്രട്ടറിക്കയയ്ക്കേണ്ടതാകുന്നു.

10. ആ അപേക്ഷ അനുവദിക്കാനും നിഷേധിക്കാനും അധികാരം കൗൺസിലിനുള്ളതാകുന്നു.

11. അപേക്ഷ അനുവദിച്ചാൽ 8-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് ബാക്കി രൂപാ അടയ്ക്കേണ്ടതാകുന്നു. അങ്ങനെ അടയ്ക്കാതെയിരുന്നാൽ ആ അനുവാദം റദ്ദായിപ്പോകുന്നതും അടച്ച രൂപാ അവർക്ക് തിരികെ കിട്ടാൻ അവകാശമില്ലാത്തതും സൊസൈറ്റി ഫണ്ടിൽ മുതൽകൂട്ടുന്നതുമാകുന്നു.

12. അപേക്ഷ നിഷേധിക്കുന്നപക്ഷം അതിനോടുകൂടി അയച്ച 250/- രൂപ തിരികെ കൊടുക്കുന്നതാകുന്നു.

13. സംഖ്യ മുഴുവൻ അടച്ചുതീർത്ത അംഗങ്ങൾക്ക് "ബി" ഫാറപ്രകാരമുള്ള സർട്ടിഫിക്കറ്റ് കിട്ടുവാൻ അവകാശമുള്ളതാകുന്നു.

14. സർവ്വീസ് സൊസൈറ്റിയിൽ അംഗമായി ചേർന്നു പണം മുഴുവൻ അടച്ച വ്യക്തികൾക്ക് 22-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് മരണപര്യന്തവും, സ്ഥാപനങ്ങൾക്ക് അവ ഉള്ള കാലംവരെയും അംഗമായിരിക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

15.ഏ. സർവ്വീസ് സൊസൈറ്റിയിൽ അംഗമായി ചേർന്നിട്ടുള്ള ഓരോ സ്ഥാപനവും ഒരാളെ വീതം മൂന്നുകൊല്ലത്തേയ്ക്ക് അതാതു താലൂക്കിലെ എലക്ടറൽ റോളിൽ ചേർക്കാൻ തെരഞ്ഞെടുത്തയയ്ക്കേണ്ടതാകുന്നു.

ബി. 14-ഉം 15 ഏയും വകുപ്പുകൾ അനുസരിച്ച് ഇലക്ടറൽ റോളിൽ അംഗങ്ങളായുള്ളവർ അവരിൽനിന്നും (വ്യക്തിമെമ്പറന്മാരിൽനിന്നും സ്ഥാപനമെമ്പറന്മാരിൽനിന്നും)1. എൻ. വകുപ്പിനു വിധേയമായി അഞ്ചിലൊന്നു വീതം പൊതുയോഗത്തിലേയ്ക്ക് മെമ്പറന്മാരെ - പ്രതിനിധികളെ - തെരഞ്ഞെടുത്തയയ്ക്കേണ്ടതാകുന്നു.

16. തെരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാരെ - പ്രതിനിധികളെ - എൻ. എസ്സ്. എസ്സ്. പ്രതിനിധിസഭാംഗങ്ങൾ എന്നറിയപ്പെടുന്നതും അവരുടെ കാലാവധി മൂന്നു കൊല്ലമായിരിക്കുന്നതുമാകുന്നു. അതു കഴിഞ്ഞാൽ അവരെത്തന്നെയോ മറ്റാളുകളേയോ തെരഞ്ഞെടുത്തയക്കാവുന്നതാകുന്നു.

17. അഞ്ചാം വകുപ്പിൽ വിവരിച്ചിട്ടുള്ള 80 അംഗങ്ങളിൽ ഒരു സ്ഥിരം മെമ്പറുടെ അവകാശങ്ങൾ അയാളുടെ മരണശേഷം മാത്രം നടപ്പിൽ വരത്തക്കവിധത്തിൽ കൗൺസിലിനാൽ അംഗീകരിക്കപ്പെടുന്ന ഏതെങ്കിലും ഒരാൾക്ക് വേണ്ടി അയാൾക്ക്

രേഖാമൂലം ദാനം ചെയ്യാവുന്നതാണ്. ഒരു സ്ഥിരം മെമ്പർ മരിക്കുമ്പോൾ നിയമപ്രകാരമുള്ള അയാളുടെ അവകാശിയോ അവകാശികൾ ഒന്നിലധികം പേരുണ്ടെങ്കിൽ അവരിൽ ആരെങ്കിലും ഒരാളോ കൗൺസിലിന്റെ അനുമതിയോടുകൂടി മെമ്പർ സ്ഥാനത്തിന് അർഹനായിരിക്കുന്നതാണ്. ഇപ്രകാരം അവകാശിയായിത്തീരുന്ന ഒരാൾക്ക് തനിക്ക് ആരുടെ പക്കൽ നിന്ന് ഈ അവകാശങ്ങൾ സിദ്ധിച്ചുവോ ആ ആളിന്റെ പരിപൂർണ്ണമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

18. ഏതെങ്കിലും കാരണവാശാൽ മെമ്പർസ്ഥാനത്തിന്റെ അവകാശങ്ങൾ ഒരു ശിശുവിലോ, ഒരു ബുദ്ധിഹീനനിലോ, ഭ്രാന്തനിലോ വന്നുചേർന്നാൽ ഈ അയോഗ്യതകളൊന്നും ഇല്ലാത്ത മറ്റൊരാൾ ഉണ്ടാകുന്നതുവരെ മേൽപറഞ്ഞ അവകാശങ്ങൾ നിറുത്തൽ ചെയ്യുന്നതാണ്

19. ഒരായുഷ്ക്കാലമെമ്പറുടെ അവകാശങ്ങൾ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും അയാളുടെ മരണത്തോടുകൂടി ആ അവകാശം അവസാനിക്കുന്നതും ആകുന്നു.

20. സൊസൈറ്റിയിലെ ഓരോ അംഗവും അവനവന്റെ ശേഷിക്കുതക്കവണ്ണം സൊസൈറ്റിയുടെ ഉദ്ദേശങ്ങൾക്കും അഭിവൃദ്ധിക്കും സ്വാധീനതയ്ക്കുംവേണ്ടി പ്രവർത്തിക്കാൻ കടപ്പെട്ടവരാണ്. സൊസൈറ്റിയുടെ എല്ലാ നിയമങ്ങളേയും അനുസരിക്കുന്നതിന് മെമ്പറന്മാർ ബാദ്ധ്യസ്ഥരാകുന്നു.

21. എല്ലാ പ്രതിനിധികൾക്കും സർവീസ് സൊസൈറ്റിയുടെ എല്ലാ പൊതുയോഗങ്ങളിൽ ഹാജരാകാനും വാദപ്രതിവാദം ചെയ്യുവാനും, ചോദ്യം ചോദിക്കുവാനും, കണക്കുകൾ കേൾക്കുവാനും, പ്രമേയങ്ങൾ ഹാജരാക്കുവാനും ഡയറക്ടർ ബോർഡ് മെമ്പറന്മാരെയും, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഖജാൻജി എന്നിവരേയും തെരഞ്ഞെടുക്കുവാനും എൻ. എസ്സ്. എസ്സ്. ഡയറക്ടർ ബോർഡിലേയ്ക്ക് സ്ഥാനാർത്ഥിയായി നിൽക്കുവാനും അവകാശമുള്ളതാകുന്നു. അവർക്ക് ഓരോരുത്തർക്കും ഓരോ വോട്ടുവീതം ഉണ്ടായിരിക്കുന്നതാണ്.

## അംഗങ്ങളെ നീക്കുക

22. സൊസൈറ്റിയുടെ നിയമങ്ങളേയും നിശ്ചയങ്ങളേയും അനുസരിക്കാതിരിക്കയോ സൊസൈറ്റിയുടെ ഉദ്ദേശങ്ങൾക്ക് എതിരായി പ്രവർത്തിക്കുകയോ ചെയ്യുന്ന ഏതൊരു മെമ്പറേയും അതിനായി വിളിച്ചു കൂട്ടുന്ന സൊസൈറ്റിയുടെ ഒരു പ്രത്യേക

യോഗത്തിലെ മൂന്നിൽ രണ്ടുഭാഗം മെമ്പറന്മാരുടെ അനുമതിയോടുകൂടിയ നിശ്ചയത്താൽ നീക്കം ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള ഒരു പ്രത്യേകയോഗം കൂടുന്നതിന് 14 ദിവസം മുമ്പ് ആ മെമ്പറെ അറിയിക്കേണ്ടതാകുന്നു. അയാൾക്ക് ആ മീറ്റിംഗിനു ഹാജരാകാം.

23. നീക്കപ്പെടുന്ന മെമ്പർക്ക് താൻ സൊസൈറ്റിക്ക് കൊടുത്തിട്ടുള്ള യാതൊരു സംഖ്യയും മടക്കിക്കിട്ടുവാനോ സൊസൈറ്റി സ്വത്തിന്മേലോ സ്ഥാപനത്തിന്മേലോ അവകാശപ്പെടുവാനോ അധികാരമില്ലാത്തതാകുന്നു.

## ജനറൽ മീറ്റിംഗ്

24. സൊസൈറ്റിയുടെ ആദ്യത്തെ ജനറൽ മീറ്റിംഗ് സൊസൈറ്റി രജിസ്റ്ററാക്കി ഒരു മാസം കഴിഞ്ഞും ആറുമാസം കഴിയുന്നതിന് മുൻപും കൗൺസിൽ നിശ്ചയിക്കുന്ന സ്ഥലത്ത് കൂടുന്നതാണ്.

25. ഓരോ കൊല്ലത്തേയും ജനറൽ മീറ്റിംഗ് അതിനു മുമ്പിലത്തെ ജനറൽ മീറ്റിംഗ് കഴിഞ്ഞ് 15 മാസത്തിനകം കൗൺസിൽ നിശ്ചയിക്കുന്ന സ്ഥലത്തുവച്ച് കൊല്ലത്തിൽ ഒരിക്കൽ കൂടേണ്ടതാണ്. മേൽ വിവരിച്ച പ്രകാരം ഒരു ജനറൽ മീറ്റിംഗ് കൂടീട്ടില്ലെങ്കിൽ ഏതെങ്കിലും രണ്ടു മെമ്പറന്മാരുടെ ആവശ്യപ്രകാരം അതിന്റെ അടുത്ത മാസത്തിൽ ഒരു ജനറൽ മീറ്റിംഗ് വിളിച്ചു കൂട്ടാവുന്നതാണ്.

26. മുൻ വിവരിച്ച ജനറൽ മീറ്റിംഗുകൾക്ക് സാധാരണ യോഗങ്ങൾ എന്നു പറയപ്പെടാവുന്നതാണ്. അല്ലാതുള്ളയോഗങ്ങളെല്ലാം അസാധാരണ യോഗങ്ങളാകുന്നു.

27. കൗൺസിലിനു യുക്തമെന്നു തോന്നുമ്പോഴോ ഏതെങ്കിലും മൂന്നോ അതിലധികമോ മെമ്പറന്മാരുടെ ആവശ്യപ്രകാരമോ ഒരസാധാരണ യോഗം വിളിച്ചു കൂട്ടാവുന്നതാണ്.

28. മെമ്പറന്മാരുടെ ആവശ്യപ്രകാരമാണ് യോഗം വിളിച്ചുകൂട്ടുന്നതെങ്കിൽ അവരുടെ അപേക്ഷയിൽ യോഗോദ്ദേശ്യം വിവരിച്ചിരിക്കണം. ആവശ്യപ്പെടുന്ന മെമ്പറന്മാരെല്ലാം അപേക്ഷയിൽ ഒപ്പിടുകയും സൊസൈറ്റിയുടെ രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസിൽ അപേക്ഷ ഏൽപ്പിക്കയും ചെയ്യേണ്ടതാകുന്നു.

29. 25–ഉം 27–ഉം വകുപ്പുകളിൽ വിവരിച്ച പ്രകാരമുള്ള ഒരപേക്ഷ കിട്ടിയാൽ കൗൺസിൽ ഉടൻതന്നെ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിലേയ്ക്കുള്ള നടപടികൾ നടത്തിതുടങ്ങേണ്ടതാണ്.അപേക്ഷ കൊടുത്തുകഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ യോഗം വിളിച്ചുകൂട്ടിയിട്ടില്ലെങ്കിൽ അപേക്ഷക്കാർക്കുതന്നെ യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

30. യോഗത്തിന്റെ സ്ഥലം, തീയതി, മണിക്കൂർ മുതലായവ വിവരിച്ചിട്ടുള്ള നോട്ടീസ്, കുറഞ്ഞത് ഏഴുദിവസം മുമ്പെങ്കിലും മെമ്പറന്മാർക്ക് കൊടുക്കുകയും നോട്ടീസയച്ചിട്ടുള്ളതിന് രേഖ സമ്പാദിച്ചിരിക്കയുംവേണ്ടതാണ്. വിശേഷിച്ച് ഏതെങ്കിലും കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനാണ് യോഗം കൂടുന്നതെങ്കിൽ ആ കാര്യച്ചുരുക്കം ഏകദേശമായി വിവരിച്ചിരിക്കണം. എന്നാൽ ഏതെങ്കിലും മെമ്പർക്ക് ഇപ്രകാരമുള്ള നോട്ടീസുകിട്ടിയിട്ടില്ലെന്നുള്ള കാരണത്താൽ യോഗനടപടികൾ അസാധുവാകുന്നതല്ല.

31. ഒരസാധാരണ യോഗത്തിൽ നടത്തുന്ന ജോലി വിശേഷാൽ ജോലിയായി ഗണിക്കേണ്ടതാണ്. കണക്കുകൾ നോക്കുക, ബാക്കി പത്രം പരിശോധിക്കുക, ഡയറക്ടർ ബോർഡിന്റേയും ആഡിറ്ററന്മാരുടേയും സാധാരണ റിപ്പോർട്ടുകൾ പരിശോധിക്കുക, ക്രമപ്രകാരമൊഴിയുന്ന സൊസൈറ്റി ഉദ്യോഗസ്ഥന്മാരേയും, ഡയറക്ടർ ബോർഡങ്ങളേയും തെരഞ്ഞെടുക്കുക , ആഡിറ്ററന്മാരുടെ ശമ്പളം നിശ്ചയിക്കുക ഈ ജോലികൾ ഒഴിച്ച് ഒരു സാധാരണ യോഗത്തിൽ ചെയ്യപ്പെടുന്ന ജോലിയും വിശേഷാൻ ജോലിയായി ഗണിക്കേണ്ടതാണ്.

## കോറം

32. കോറമില്ലാതെ ജനറൽ മീറ്റിംഗുകളിലും മറ്റു മീറ്റിംഗുകളിലും യാതോരു സംഗതിയും നടത്താൻ പാടില്ലാത്തതാകുന്നു. 25 അംഗങ്ങളെങ്കിലും ഹാജരുണ്ടായിരുന്നാൽ ജനറൽ മീറ്റിംഗിനുള്ള കോറം തികഞ്ഞതായി വിചാരിക്കേണ്ടതാകുന്നു.

33. യോഗത്തിനു നിശ്ചയിച്ചിരിക്കുന്ന സമയം കഴിഞ്ഞ് അരമണിക്കൂറായിട്ടും കോറം തികഞ്ഞില്ലെങ്കിൽ മെമ്പറന്മാരുടെ ആവശ്യപ്രകാരം വിളിച്ചുകൂട്ടിയ യോഗമായിരുന്നാൽ പിരിച്ചു വിടാവുന്നതാണ്. മറ്റു വിധത്തിൽ വിളിച്ചുകൂട്ടിയ യോഗമായാൽ അടുത്തയാഴ്ചയിൽ അതേ സ്ഥലത്തും അതേ സമയത്തുംകൂടാവുന്നതാണ്. അപ്പോഴും കോറം തികഞ്ഞില്ലെങ്കിൽ അന്നു ഹാജരുള്ള ആളുകൾക്ക് യോഗംകൂടി സാധാരണ യോഗത്തിന് അധികാരമുള്ള കാര്യങ്ങൾ നടത്താവുന്നതാണ്.

34. സൊസൈറ്റിയുടെ എല്ലാ യോഗങ്ങൾക്കും പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കേണ്ടതാണ്. അദ്ദേഹം ഹാജരാകാതിരിക്കുകയോ അദ്ധ്യക്ഷനാകാൻ വിസമ്മതിക്കുകയോ ചെയ്താൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കേണ്ടതും, വൈസ് പ്രസിഡന്റും ഹാജരാകാതിരിക്കുകയോ അദ്ധ്യക്ഷനാകാൻ വിസമ്മതിക്കുകയോ ചെയ്താൽ മെമ്പറന്മാർക്ക് അവരിൽനിന്നും ഒരാളെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കാവുന്നതുമാണ്.

35. കോറം തികച്ചുള്ളപ്പോൾ അദ്ധ്യക്ഷന് യോഗനടപടികളാരംഭിക്കാവുന്നതും അതിന്റെ ശേഷം ആവശ്യമുണ്ടെങ്കിൽ യോഗത്തിന്റെ അനുമതിപ്രകാരം യോഗസമയവും സ്ഥലവും മാറ്റിവെയ്ക്കാവുന്നതുമാണ്. പക്ഷേ ഒരു യോഗത്തിൽ പൂർത്തിയാകാതിരുന്ന നടപടികൾമാത്രമേ അടുത്ത യോഗത്തിൽ ആലോചനയ്ക്കെടുക്കാവു. പത്തുദിവസമോ അതിൽ കുടുതലോ കാലത്തേയ്ക്ക് യോഗം മാറ്റിവെയ്ക്കുകയാണെങ്കിൽ മാത്രമേ വീണ്ടും മെമ്പറന്മാർക്ക് നോട്ടീസു കൊടുക്കേണ്ട ആവശ്യമുള്ളു.

## പോൾ

36. ഏതു പൊതുയോഗത്തിലും ഒരു നിശ്ചയം പാസ്സാക്കപ്പെട്ടുവെന്നു സൊസൈറ്റി റിക്കാർടിൽ അദ്ധ്യക്ഷൻ രേഖപ്പെടുത്തുന്നതായാൽ, ആ രേഖ ടി വസ്തുതയുടെ മതിയായ തെളിവായിരിക്കുന്നതാണ്. നിശ്ചയത്തിനനുകൂലമായും പ്രതികുലമായും ഉള്ള വോട്ടുകളുടെ എണ്ണം തെളിയിച്ചേതീരൂ എന്നില്ല.

37. ഏതെങ്കിലും യോഗത്തിൽ പോൾ ആവശ്യപ്പെടുന്നതായാൽ പ്രസിഡന്റ് നിശ്ചയിക്കുന്ന പ്രകാരം പോളെടുക്കേണ്ടതാണ്. പോളിന്റെ ഫലം ആ മീറ്റിംഗിന്റെ നിശ്ചയമായി ഗണിക്കേണ്ടതാണ്.

## ഭരണം

38. സർവ്വീസ് സൊസൈറ്റിയുടെ ഭരണത്തിനുള്ള പരമാധികാരം പൊതുയോഗത്തിനായിരിക്കുന്നതാണ്. പൊതുയോഗത്തിനുള്ള അധികാരങ്ങളെ ഭരണസൗകര്യത്തിനുവേണ്ടി കമ്പനി റഗുലേഷനും ഈ നിബന്ധനയ്ക്കും ബാധകമല്ലാത്തവണ്ണം ഡയറക്ടർബോർഡിനോ എക്സിക്യൂട്ടീവ് കൗൺസിലിനോ കൊടുക്കാവുന്നതാകുന്നു.

39. പൊതുയോഗം, 25–ാം വകുപ്പിൽ പറയും പ്രകാരം ആണ്ടിലൊരിക്കൽക്കൂടി സൊസൈറ്റിയുടെ കണക്കുകളും ബാക്കിപത്രവും ഡയറക്ടർ ബോർഡിന്റെയും ആഡിറ്ററന്മാരുടേയും റിപ്പോർട്ടുകളും പരിശോധിക്കുക, ബഡ്ജറ്റ് പാസ്സാക്കുക, ഒഴിയുന്ന സൊസൈറ്റി ഉദ്യോഗസ്ഥന്മാർക്കും ഡയറക്ടർബോർഡുമെമ്പറന്മാർക്കും പകരം ഉദ്യോഗസ്ഥന്മാരേയും ബോർഡുമെമ്പറന്മാരേയും തെരഞ്ഞെടുക്കുക, പാരിതോഷികവും ആഡിറ്ററുടെ ശമ്പളവും നിശ്ചയിക്കുക ഈ ജോലികൾ ചെയ്യേണ്ടതാകുന്നു.

40. അത്യാവശ്യമെന്നു തോന്നുന്നപക്ഷം ഏതവസരത്തിലും നിലവിലിരിക്കുന്ന ഡയറക്ടർ ബോർഡിനെ പിരിച്ചയയ്ക്കാനും പുതിയ ബോർഡിനെതെരഞ്ഞെടുക്കാനും പൊതുയോഗത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

## ഡയറക്ടർ ബോർഡ്

41. സർവ്വീസ് സൊസൈറ്റിയുടെ ഭരണത്തിനും മേൽനോട്ടത്തിനും ഒരു ഡയറക്ടർബോർഡ് ഉണ്ടായിരിക്കുന്നതാണ്. ഈ ബോർഡിൽ പ്രസിഡന്റ് , ജനറൽ സെക്രട്ടറി, ഖജാൻജി, ഇവരുൾപ്പെടെ പൊതുയോഗം നിശ്ചയിക്കുന്നതനുസരിച്ച് 21–ൽ കുറയാതെയും 30–ൽ കവിയാതെയും ഉള്ള അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

42. മൂന്നു മാസത്തിലൊരിക്കൽ ഡയറക്ടർബോർഡ് വിളിച്ചുകൂട്ടി ക്വാർട്ടർലി കണക്കും റിപ്പോർട്ടും ജനറൽ സെക്രട്ടറി ബോർഡുമുമ്പാകെ ഹാജരാക്കേണ്ടതാകുന്നു. ഇതിനും പുറമേ, ആവശ്യമുള്ളപ്പോഴെല്ലാം ജനറൽ സെക്രട്ടറിക്കോ പ്രസിഡണ്ടിനോ ബോർഡുയോഗം വിളിച്ചു കൂട്ടാവുന്നതാണ്.

43. ബോർഡിലെ ഏതെങ്കിലും രണ്ടു മെമ്പറന്മാർക്ക് ബോർഡുയോഗം വിളിച്ചുകൂട്ടാൻ കാരണം കാണിച്ച് ജനറൽ സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെടാവുന്നതും ജനറൽ സെക്രട്ടറി അതനുസരിച്ച് യോഗം വിളിച്ചുകൂട്ടേണ്ടതുമാകുന്നു. പത്തു ദിവസം കഴിഞ്ഞിട്ടും യോഗം വിളിച്ചുകൂട്ടിയില്ലെങ്കിൽ ആ രണ്ടുമെമ്പറന്മാർക്കും ബോർഡുയോഗം വിളിച്ചുകൂട്ടാവുന്നതുമാകുന്നു.

44. അടിയന്തിര സന്ദർഭങ്ങളിൽ സർക്കുലേറ്റുചെയ്ത് ബോർഡുമെമ്പറന്മാരുടെ അഭിപ്രായങ്ങള-രേഖപ്പെടുത്താവുന്നതാകുന്നു. അങ്ങനെ ഡയറക്ടർ ബോർഡുമെമ്പറന്മാർ എല്ലാവരുംകൂടി ഒപ്പിട്ട് പാസാക്കപ്പെടുന്ന ഒരു നിശ്ചയം ഡയറക്ടർയോഗം മുറപ്രകാരം വിളിച്ചുകൂട്ടി ചെയ്യുന്ന ഒരു നിശ്ചയംപൊലെതന്നെ ബലമുള്ളതാണ്.

45 ഡയറക്ടർബോർഡിന്റെ കോറം ഏഴായിരിക്കുന്നതാണ്.

46. സൊസൈറ്റിയുടെ പ്രസിഡന്റ് തന്നെ ഡയറക്ടർബോർഡിന്റെയും പ്രസിഡന്റായിരിക്കുന്നതാണ്. പ്രസിഡന്റ് ഹാജരല്ലാതിരിക്കുകയോ അദ്ധ്യക്ഷം വഹിക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ ബോർഡിൽ നിന്നും ആരെയെങ്കിലും പ്രസിഡന്റായി തെരഞ്ഞെടുത്തുയോഗം നടത്തേണ്ടതാണ്.

47. ഡയറട്കർ ബോർഡുയോഗത്തിന് അഞ്ചുദവിസം മുമ്പ് യോഗവിവരവും വിഷയങ്ങളും കാണിച്ച് അംഗങ്ങൾക്ക് നോട്ടീസ്യക്കേണ്ടതാകുന്നു. എന്നാൽ തക്കതായ സന്ദർഭങ്ങളിൽ എല്ലാ മെമ്പറന്മാർക്കും നോട്ടീസുകൊടുത്ത് അഞ്ചുദിവസത്തിനകവും സെക്രട്ടറിക്കോ പ്രസിഡണ്ടിനോ ബോർഡുയോഗം വിളിച്ചുകൂട്ടാവുന്നതാകുന്നു.

48. ഡയറക്ടർ ബോർഡു മെമ്പറന്മാരുടെ ആദ്യത്തെ തെരഞ്ഞെടുപ്പ് സൊസൈറ്റി രജിസ്റ്ററാക്കിയതിനുശേഷമുള്ള ഒന്നാമത്തെ സാധാരണയോഗത്തിൽവച്ചു നടത്തപ്പെടാവുന്നതാണ്. ആ തീയതിവരെയും മെമ്മോറാണ്ഡത്തിൽ ഒപ്പിട്ടിട്ടുള്ളവരെ ഡയറക്ടർബോർഡുമെമ്പറന്മാരായി വചാരിക്കാവുന്നതാകുന്നു.

49. 92–ലെ കമ്പനി റഗുലേഷൻ പ്രകാരമോ ആ റഗുലേഷനിൽ പിന്നീട് ഉണ്ടായിട്ടുള്ള ഭേദഗതികൾ പ്രകാരമോ, സൊസൈറ്റി നിയമങ്ങൾ പ്രകാരമോ, ജനറൽ മീറ്റിംഗിൽ സൊസൈറ്റി നടത്തേണ്ടതും തീർച്ചയാക്കേണ്ടതുമാണെന്നു വെച്ചിട്ടുള്ള കാര്യങ്ങൾ ഒഴിച്ച് സൊസൈറ്റിയുടെ ഭരണത്തെ സംബന്ധിച്ചുള്ള മറ്റെല്ലാ കാര്യങ്ങളിലും പൊതുയോഗത്തിന്റെ പരമാധികാരത്തിന് വിധേയമായി ഡയറക്ടർബോർഡിനു പുർണ്ണാധികാരമുണ്ടായിരിക്കുന്നതാണ്.എന്നാൽ ജനറൽ മീറ്റിംഗിൽ സൊസൈറ്റി തീർച്ചപ്പെടുത്തുന്ന നിശ്ചയങ്ങൾ, ആ നിശ്ചയങ്ങൾ ഉണ്ടാകാതെയിരുന്നുവെങ്കിൽ സാധുവാകുമായിരുന്ന ഡയറക്ടർബോർഡിന്റെ മുൻപ്രവൃത്തിയെ അസാധുവാക്കുന്നതല്ല.

50. 49–ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ബാധകമല്ലാത്തവണ്ണം ഡയറക്ടർബോർഡിന് താഴെക്കാണിച്ചിരിക്കുന്ന അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

എ. സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കും മറ്റും വേണ്ടിവരുന്ന പ്രാരംഭ ചെലവുചെയ്യുക.

ബി. സൊസൈറ്റിക്ക് സമ്പാദിക്കുന്നതിനാവശ്യമുള്ള വസ്തുക്കൾ, അവകാ

ശങ്ങൾ മുതലായവയെ സൗജന്യമായോ യുക്തമെന്നു തോന്നുന്നവിലയ്ക്കോ വാങ്ങുക.

ഇത്തരം വസ്തുക്കൾക്കോ അവകാശങ്ങൾക്കോ സൊസൈറ്റിക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾക്കോ മുഴുവനുമോ കുറെ ഭാഗത്തിനോ പണം കൊടുക്കുക, അല്ലെങ്കിൽ കടപ്പത്രം, ഡിബഞ്ചുവർ മുതലായമറ്റുറപ്പുകൾ കൊടുക്കുക, ഇങ്ങനെയുള്ള കടപ്പത്രങ്ങളിലോ,ഡിബഞ്ചുവറുകളിലോ മറ്റുറപ്പുകളിലോ സൊസൈറ്റിവക വസുതുക്കളെ മുഴുവനുമോ ഒരു ഭാഗമോ ഈടു കാണിക്കുക.

സി. പണമായോ ഈടായോ സൊസൈറ്റിയിൽനിന്നും ചെയ്യുന്ന എല്ലാ കരാറുകളേയും ഉടമ്പടികളേയും ശരിയാകുംവണ്ണം പാലിക്കുക.

ഡി. യുക്തംപോലെ സ്ഥിരമായിട്ടോ തൽക്കാലത്തേയ്ക്കോ ഉദ്യോഗസ്ഥന്മാർ, ഗുമസ്ഥന്മാർ, ഏജന്റന്മാർ, വേലക്കാർ മുതലായവരെ നിയമിക്കുക. മാറ്റുക,സസ്പെന്റ് ചെയ്യുക, അവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിശ്ചയിക്കുക, ശമ്പളം നിർണ്ണയിക്കുക, ആവശ്യമെന്നുതോന്നുന്നിടത്ത് ജാമ്യം വെയ്പിക്കുക.

ഇ. സൊസൈറ്റിക്കുവേണ്ടിയുള്ള വ്യവഹാരങ്ങൾ തുടങ്ങുക,നടത്തുക, എതിർക്കുക, രാജിയാക്കുക, ഉപേക്ഷിക്കുക, ആവക കാര്യങ്ങൾ നടത്തുന്നതിന് പ്രത്യേകം ആളെയോ ആളുകളേയോ അധികാരപ്പെടുത്തുക.

എഫ്. സൊസൈറ്റിക്കുവേണ്ടി ബില്ലുകൾ, ചെക്കുകൾ, നോട്ടീസുകൾ, രസീതുകൾ, കരാറുകൾ, മറ്റുകാരണങ്ങൾ ഇവ ഉണ്ടാക്കുകയും കൊടുക്കുകയും ചെയ്യുക.

ജി. സൊസൈറ്റിവക എല്ലാ സ്ഥലങ്ങളിലും ആവശ്യപ്പെട്ടകാര്യങ്ങൾ അന്വേഷിക്കുന്നതിന് യുക്തമെന്നുതോന്നുന്ന ഏർപ്പാടുകൾ ചെയ്യുക.

എച്ച്. നിയമോപദേഷ്ടാക്കൾ, വക്കീലന്മാർ മുതലായവരെ നിയമിക്കുക.

ഐ. സൊസൈറ്റിവക കാര്യങ്ങൾക്ക് ഉടനെ ആവശ്യമില്ലാത്ത പണം ശരിയായ ഈടിന്മേൽ പലിശയ്ക്ക് കൊടുക്കുക ഇത്തരം ഇടപാടുകൾ യുക്തമെന്നുതോന്നുന്നവണ്ണം അപ്പഴപ്പോൾ ഭേദപ്പെടുത്തുക.

ജെ. സൊസൈറ്റിയുടെ പേരിലും സൊസൈറ്റിക്കുവേണ്ടിയും വസുതുക്കൾ വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ഡയറക്ടർ ബോർഡു മെമ്പറെയോ, മറ്റാരേയെങ്കിലുമോ സൊസൈറ്റിവസ്തുക്കളുടെ കൈകാര്യകർത്താവാക്കുക. ഇപ്രകാരമുള്ള കൈകാര്യകർത്താവിന് ഡയറക്ടർ ബോർഡു സമ്മതിക്കുന്ന

പ്രകാരം വസ്തുക്കൾ വാങ്ങുന്നതിനും വില്ക്കുന്നതിനും, ഒപ്പിട്ടു കൊടുക്കുന്നതിനും, സമ്മതം നൽകുന്നതിനും മറ്റുമുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കെ. സൊസൈറ്റിവക കാര്യങ്ങൾ നടത്തുന്നതിനും അതിന്റെ ഉദ്യോഗസ്ഥന്മാരെയും വേലക്കാരേയുംസംബന്ധിച്ചും അപ്പഴപ്പോൾ ആവശ്യമുള്ള നിയമങ്ങളുണ്ടാക്കുക, മാറ്റുക, റദ്ദുചെയ്യുക.

എൽ. സൊസൈറ്റിവക വിദ്യാലയങ്ങൾ മുതലായ സ്ഥാപനങ്ങളുടെ ഭരണത്തിനുവേണ്ട മാനേജരന്മാരെയേ കമ്മറ്റികളേയോ നിയമിക്കുകയും നീക്കുകയും ആ മാനേജർക്കോ കമ്മറ്റിക്കോ വാദ്ധ്യാന്മാർ മുതലായവരെ നിയമിക്കുക, നീക്കുക, ശിക്ഷിക്കുക മുതലായവ ചെയ്യുന്നതിന് അധികാരം നൽകുകയും അതിനുവേണ്ട നിബന്ധനകൾ ഉണ്ടാക്കുകയും ചെയ്യുക.

എം. സൊസൈറ്റിവക സ്ഥലം കൃഷിചെയ്യുന്നതിനും ആദായം എടുക്കുന്നതിനും പാട്ടത്തിനു കൊടുക്കുന്നതിനും മറ്റും ആരെയെങ്കിലുംചുമതലപ്പെടുത്തുക

എൻ. സൊസൈറ്റിയുടെ ഉദ്ദേശങ്ങളിൽപ്പെട്ട ഓരോകാര്യങ്ങൾ നടന്നുവരുമ്പോൾ അവയെ പ്രത്യേകം ഡിപ്പാർട്ടുമെന്റുകളായി തിരിച്ചു ഭരണം നടത്തുന്നതിന് വേണ്ട വ്യവസ്ഥചെയ്യുക.

ഒ. ബഡ്ജറ്റിൽ ഉൾപ്പെടാത്ത അത്യാവശ്യ കാര്യങ്ങൾക്കായി അഞ്ഞൂറു രൂപായിൽ കവിയാത്ത തുക ചെലവുചെയ്യുന്നതിന് ഡയറക്ടർബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

പി. സർവ്വീസ് സൊസൈറ്റിയുടെ ആവശ്യത്തിനോ കടം വീട്ടാനോ ആയി സൊസൈറ്റിവക വസ്തുക്കളെ പണയപ്പെടുത്തി നൂറ്റി മുപ്പത്തിയേഴ് ലക്ഷം (1,37,00,000)രുപയിൽകവിയാത്ത സംഖ്യ കടം വാങ്ങുക

ക്യൂ. ബജറ്റ്, ബാക്കിപത്രം മുതലായവ പരിശോധിച്ചു പാസാക്കി പൊതുയോഗത്തിനയച്ചുകൊടുക്കുക.

ആർ. കരയോഗസ്ഥാപനങ്ങൾക്കും ഡിപ്പാർട്ടുമെന്റു ഭരണത്തിനും മറ്റും ആവശ്യമുള്ള ഉപനിബന്ധനകൾ, റൂളുകൾ മുതലായവ ഉണ്ടാക്കുക.

എസ്. നിയമത്താലോ നിബന്ധനയാലോ പൊതുയോഗ നിശ്ചയത്താലോ പൊതുയോഗത്തിനുമാത്രം ചെയ്യാനധികാരമുള്ള കാര്യങ്ങൾ ഒഴിച്ചുള്ള എല്ലാകാര്യ

ങ്ങളും നടത്തുക. എന്നാൽ ഡയറക്ടർ ബോർഡു പാസ്സാക്കുന്ന ഉപനിബന്ധനകൾക്ക് അടുത്തപൊതുയോഗം വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതും അടുത്ത പൊതുയോഗത്തിൽ ഹാജരാക്കി അംഗീകാരം വാങ്ങേണ്ടതുമാകുന്നു.

റ്റി. സൊസൈറ്റിവസ്തുക്കളോ സ്ഥാപനങ്ങളോ ഒറ്റിയോ, തീറോ (വിലയോ) കൊടുക്കേണ്ടതായിവന്നാൽ അതിനു പൊതുയോഗത്തിന്റെ അനുവാദം വാങ്ങി പ്രവർത്തിക്കുക.

51. ഡയറക്ടർ ബോർഡിന് ഏതെങ്കിലും ഒരു സമയത്തോ അപ്പഴപ്പോഴോ ഒരു വിദഗ്ധനെ ഡയറക്ടർ ബോർഡിന്റെ അഡീഷണൽ മെമ്പറായി നിയമിക്കുന്നതിനധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അടുത്ത സാധാരണയോഗത്തിൽ അയാൾ ഉദ്യോഗമൊഴിയുന്നതിനു നിർബന്ധിതനാണ്.

52. എ. പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ഖജാൻജി, ഇവരുടെ പെട്ടന്നുണ്ടാകുന്ന ഒഴവിൽ പൊതുയോഗത്തിൽ നിന്നും പകരം ആളെ തെരഞ്ഞെടുക്കുന്നതുവരെ ഡയറക്ടർ ബോർഡിന് ഡയറക്ടർ ബോർഡ് മെമ്പറന്മാരിൽനിന്നും ആരെയെങ്കിലും തെരഞ്ഞെടുത്തുകാര്യങ്ങൾ നടത്താവുന്നതാകുന്നു.

ബി. സർവ്വീസ് സൊസൈറ്റിക്ക് ഒരു വൈസ് പ്രസിഡണ്ടോ അസിസ്റ്റന്റ് സെക്രട്ടറിയോ കുടി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്ന് ഡയറക്ടർബോർഡിനുതോന്നുന്നപക്ഷം ഡയറക്ടർബോർഡ് അംഗങ്ങൾക്ക് അവിരിൽനിന്നും ഒരു വൈസ് പ്രസിഡണ്ടിനേയും അസിസ്റ്റന്റ് സെക്രട്ടറിയേയും തെരഞ്ഞെടുക്കാവുന്നതാകുന്നു. പ്രസിഡന്റ് ഹാജരില്ലാത്ത അവസരത്തിൽ യോഗാദ്ധ്യക്ഷനാകാനും യോഗനടപടികൾ നിയന്ത്രിക്കാനും വൈസ് പ്രസിഡണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

അസിസ്റ്റന്റ് സെക്രട്ടറി കൗൺസിൽ നിശ്ചയിക്കുന്ന ജോലികളും ചുമതലകളും ജനറൽ സെക്രട്ടറിയുടെ ആജ്ഞയ്ക്ക് വിധേയമായി വഹിക്കേണ്ടതാകുന്നു.

53. താഴെ വിവരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു പ്രത്യേക പുസ്തകങ്ങളിൽ ഡയറക്ടർ ബോർഡ് മിന്നിട്ടുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

എ. ഡയറക്ടർ ബോർഡു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിയമനത്തെപ്പറ്റി.

ബി. ഓരോ ഡയറക്ടർബോർഡുമീറ്റിംഗിനും കമ്മറ്റി മീറ്റിംഗിനും ഹാജരായിട്ടുള്ള മെമ്പറന്മാരുടെ പേരുകൾ.

സി. സൊസൈറ്റിയുടേയും ഡയറക്ടർ ബോർഡിന്റേയും യോഗനടപടികളും നിശ്ചയങ്ങളും ഡയറകടർബോർഡിന്റെ ഓരോ മീറ്റിംഗിനും ഹാജരാകുന്ന ഡയറക്ടർ ബോർഡുമെമ്പർ അതിലേക്കായി പ്രത്യേകം സൂക്ഷിക്കപ്പെട്ടിട്ടുള്ള പുസ്തകത്തിൽ തന്റെ പേരെഴുതി ഒപ്പിടേണ്ടതാകുന്നു.

54. ഒരു ഡയറക്ടർ ബോർഡുമെമ്പറുടെ ഉദ്യോഗം താഴെ വിവരിക്കുന്ന കാരണങ്ങളാൽ ഇല്ലാതെയാകുന്നതാണ്.

(1) പാപ്പരാവുക

(2) ബുദ്ധിക്കു സ്ഥിരതയില്ലാതാകുക.

(3) സൊസൈറ്റിയുടെ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കമ്പനിയിലേയോ കച്ചവട സംഘത്തിലേയോ മെമ്പർ എന്നുള്ള നിലയിലല്ലാതെ സൊസൈറ്റിയുമായുള്ള കരാറുകളുടെ ലാഭത്തിൽ പങ്കുകൊള്ളുക.

(4) സർവ്വീസ് സൊസൈറ്റിയിലോ, സൊസൈറ്റിയുടെ ഡീപ്പാർട്ടുമെന്റിലോ സ്ഥാപനത്തിലോ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനായിത്തീരുക.

(5) ഡയറക്ടർ ബോർഡിന്റെ അനുമതികൂടാതെ ബോർഡുയോഗത്തിൽ മൂന്നു പ്രാവശ്യം ഹാജരാകാതിരിക്കുക.

## എക്സിക്യൂട്ടീവ് കൗൺസിൽ

55. ഭരണസൗകര്യത്തിനായി ഡയറക്ടർബോർഡിന്റെ നിയന്ത്രണത്തിൽ ബോർഡിലെ 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

ഏ) ഈ കൗൺസിലിൽ എൻ. എസ്സ്. എസ്സ്. പ്രസിഡന്റും ജനറൽ സെക്രട്ടറിയും ഖജാൻജിയും അംഗങ്ങളായിരിക്കേണ്ടതും ബാക്കി രണ്ടംഗങ്ങളെ ഡയറക്ടർബോർഡിൽനിന്നും ബോർഡു തെരഞ്ഞെടുക്കേണ്ടതുമാണ്.

ബി) ഡയറക്ടർബോർഡിനുള്ള ചുമതലകളിലും അധികാരങ്ങളിലും നിന്ന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും കൗൺസിലിനു വിട്ടു കൊടുത്തിരിക്കുന്നു.

(1) എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും മേലധികാരം വഹിക്കുകയും ഡിപ്പാർട്ടു മെന്റ് മേലധികാരികൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളും ആജ്ഞകളും നൽകുകയും ചെയ്യുക.

(2) ഡിപ്പാർട്ട്മെന്റ് മേധാവികളുടെ മാസാന്ത്യക്കണക്കുകളും ജോലി വിവരം ഡയറിയും അവരുടെ ഭരണത്തിലിരിക്കുന്ന സ്ഥാപനങ്ങളുടെ കണക്കുകളും ബില്ലു കളും പരിശോധിച്ച് ഓർഡർ ചെയ്യുക.

(3) ഡിപ്പാർട്ടുമെന്റ് മേധാവികൾക്ക് അവധി അനുവദിക്കുക.

(4) ഡിപ്പാർട്ടുമെന്റ് മേധാവികൾ അവരുടെ ഭരണത്തിലിരിക്കുന്ന സ്ഥാപന ങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തേയും, മാറ്റത്തേയും, സ്ഥലംമാറ്റത്തേയും പറ്റി ചെയ്യുന്ന ശുപാർശകൾ അംഗീകരിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുക, ആവ ശ്യമുള്ളപ്പോൾ നേരിട്ട് നിയമനം നടത്തുക.

(5) ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും ഉദ്യോഗസ്ഥന്മാർക്കും ഒരു പ്രാവശ്യം 10 രുപാവരെ പ്രായശ്ചിത്തം നിശ്ചയിക്കുക.

(6) ഡിപ്പാർട്ട്മെന്റ് മേധാവികളെ സസ്പെന്റു ചെയ്യുക. തൽക്കാലത്തേയ്ക്ക് (ബോർഡുനിയമനം നടത്തുന്നതുവരെ) ആളെ നിയമിക്കുക.

(7) സർവ്വീസ് സൊസൈറ്റി സ്ഥാപനങ്ങളിലെ വരവുകൾ ഇന്നപ്രകാരം സൂക്ഷിക്കണമെന്നു വ്യവസ്ഥ ചെയ്യുക.

(8) ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ബില്ലിൻ പ്രകാരം പണം കിട്ടാൻ വേണ്ട വ്യവസ്ഥ ചെയ്യുക.

(9) പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കുകയോ വാങ്ങുകയോ അംഗീകരിക്കു കയോ ചെയ്യുക.

(10) ഉപചട്ടങ്ങൾ ഉണ്ടാക്കി ഡയറക്ടർബോർഡിന്റെ അനുമതിവാങ്ങുക.

(11) ജനറൽ സെക്രട്ടറിയുടേയും ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരുടേയും തീരുമാ നങ്ങളിന്മേൽ അപ്പീൽ കേട്ടു തീരുമാനിക്കുക.

(12) സർവ്വീസ് സൊസൈറ്റിയിൽ മെമ്പറന്മാരെ ചേർക്കുക. പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുക.

(13) ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും ശമ്പളവും പടിയും നിർണ്ണയിച്ച് ബോർഡിന്റെ അനുവാദം വാങ്ങുക.

(14) സൊസൈറ്റിയിൽ നിന്നു ചെയ്യുന്ന കരാറുകളേയും ഉടമ്പടികളേയും പാലിക്കുക.

(15) സൊസൈറ്റിക്കു വേണ്ടിയുള്ള വ്യവഹാരങ്ങളിൽ കക്ഷിചേർന്നു നടത്തുക, കൗൺസിൽ മെമ്പറന്മാരിൽ ആരെയെങ്കിലും കക്ഷിചേരാൻ അധികാരപ്പെടുത്തുക, വക്കീലന്മാരെയും ഏജന്റുമാരെയും നിയമിക്കുക.

(16) വസ്തുക്കൾ പാട്ടത്തിനേൽപിക്കുക, ആദായം വാങ്ങുക, അതിനുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

(17) ബഡ്ജറ്റിൻ പ്രകാരമുള്ള പണം വരുത്തുകയും ചെലവുചെയ്യുകയും ചെയ്യുക.

(18) ഡയറക്ടർബോർഡിന്റെ കാര്യനിർവ്വഹണസമിതി എന്ന നിലയിൽ ഭരണ സംബന്ധമായ മറ്റെല്ലാ സാധാരണ കൃത്യങ്ങളും ചെയ്യുക.

(19) ഡയറക്ടർബോർഡിനുള്ളതും ബോർഡ് വിട്ടുകൊടുക്കുന്നതുമായ മററധികാരങ്ങൾ വിനിയോഗിക്കുക.

സി) ആവശ്യമുള്ളപ്പോഴെല്ലാം ജനറൽ സെക്രട്ടറിക്കും പ്രസിഡന്റിനും കൗൺസിൽ വിളിച്ചുകൂട്ടാവുന്നതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ജനറൽ സെക്രട്ടറി കൗൺസിൽ വിളിച്ചുകൂട്ടേണ്ടതാകുന്നു.

ഡി) ഏതെങ്കിലും രണ്ട് കൗൺസിൽ അംഗങ്ങൾ കൗൺസിൽ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള ആവശ്യം കാണിച്ചു നോട്ടീസയച്ചാൽ ജനറൽ സെക്രട്ടറി ഉടനെ കൗൺസിൽ വിളിച്ചുകൂട്ടേണ്ടതാകുന്നു. നോട്ടീസുകിട്ടി പത്തു ദിവസം കഴിഞ്ഞിട്ടും യോഗം വിളിച്ചുകൂട്ടാത്ത പക്ഷം ആ അംഗങ്ങൾക്കുതന്നെ കൗൺസിൽ വിളിച്ചു കൂട്ടാവുന്നതാകുന്നു.

ഈ) കൗൺസിലിന്റെ കോറം മൂന്നായിരിക്കുന്നതാണ്.

എഫ്) കൗൺസിലംഗങ്ങളുടെ കാലാവധി മൂന്നുകൊല്ലമായിരിക്കുന്നതാണ്.

ജി) കൗൺസിൽ യോഗത്തിനു കുറഞ്ഞപക്ഷം രണ്ടു ദിവസം മുമ്പെങ്കിലും നോട്ടീസയയ്ക്കേണ്ടതാകുന്നു. എന്നാൽ അടിയന്തിരക്കാര്യത്തിന് ഉടനെ നോട്ടീസ് കൊടുത്തു വിളിച്ചുകൂട്ടാവുന്നതാകുന്നു.

എച്ച്) ജനറൽ സെക്രട്ടറി കൗൺസിലിന്റെ നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പിൽ വരുത്തുന്ന ഒരു എക്സിക്യുട്ടീവ് ആഫീസറായിരിക്കുന്നതാണ്.

ഐ) ഡയറക്ടർബോർഡിലെ അംഗമായിരിക്കുന്നിടത്തോളം കാലം മാത്രമേ ഒരാൾക്ക് എക്സിക്യുട്ടീവ് കൗൺസിൽ അംഗമായിരിക്കാൻ അർഹതയുള്ളു.

ജെ) കൗൺസിലിലെ ഏതെങ്കിലും ഒരു മെമ്പറുടെ സ്ഥാനം അയാളുടെ കാലാവധിക്കു മുമ്പ് ഒഴിവു വരുന്നപക്ഷം ആ സ്ഥാനത്തേയ്ക്ക് ഡയറക്ടർ ബോർഡിൽനിന്നും തെരഞ്ഞെടുക്കുന്ന ആളിന് അയാൾ ആർക്കുപകരം തെരഞ്ഞെടുക്കപ്പെട്ടുവോ അയാളുടെ കാലാവധി തന്നെ ഉണ്ടായിരിക്കുന്നതാണ്.

56. ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ മെമ്പറന്മാരുടെ കാലാവധി കഴിഞ്ഞാലും വീണ്ടും ഒരു തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഭരണ ചുമതല നിർവഹിക്കാൻ അവർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## തെരഞ്ഞെടുപ്പ്

57. ഡയറക്ടർ ബോർഡ് മെമ്പറന്മാരെ പൊതുയോഗാംഗങ്ങളിൽ നിന്നും വോട്ടനുസരിച്ച് പൊതുയോഗം തെരഞ്ഞെടുക്കേണ്ടതാകുന്നു. എന്നാൽ അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ആൾ സർവ്വീസ് സൊസൈറ്റിയുടെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലോ സ്ഥാപനത്തിലോ ശമ്പളം പറ്റി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരുന്നുകൂടാത്തതാകുന്നു. 1958 ജൂൺ 27-ാം തീയതി ഡയറക്ടർബോർഡ് അംഗങ്ങളായിട്ടുള്ളവർ അവരുടെ കാലാവധി തീരുന്നതുവരെ പൊതുയോഗാംഗങ്ങളായിരിക്കുന്നതാണ്.

58. തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർബോർഡു മെമ്പറന്മാരുടെ കാലാവധി മൂന്നു കൊല്ലമായിരിക്കുന്നതാണ്. എന്നാൽ ഈ നിബന്ധന പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ആദ്യത്തെ ബോർഡിൽനിന്നും ആദ്യവർഷത്തിന്റെ അവസാനത്തിൽ മൂന്നിലൊരുഭാഗം ആളുകളേയും രണ്ടാമതു വർഷത്തിന്റെ അവസാനത്തിൽ ആദ്യമെ തെര്ഞ്ഞെടുത്തവരിൽ ശേഷിച്ച മൂന്നിൽ രണ്ടിൽ പകുതി ആളുകളേയും, മാറ്റി പകരം അത്രയും മെമ്പറന്മാരെ അതാതു കൊല്ലങ്ങളിലെ സാധാരണപൊതുയോഗം തന്നെ

തെരഞ്ഞെടുക്കേണ്ടതാകുന്നു. ഒന്നാമത്തേയും രണ്ടാമത്തേയും വർഷാവസാനങ്ങളിൽ മാറ്റേണ്ട മൂന്നിലൊരു ഭാഗം അംഗങ്ങൾ സ്വമനസ്സാലെ രാജിവയ്ക്കുകയോ അങ്ങനെ ചെയ്യാത്തപക്ഷം നറുക്കിട്ടെടുത്ത് ആദ്യം വരുന്ന മൂന്നിലൊരു ഭാഗം അംഗങ്ങളെ നീക്കം ചെയ്യുകയോ ചെയ്യേണ്ടതാകുന്നു. അങ്ങിനെ രാജി വയ്ക്കുകയോ നീക്കം ചെയ്യുകയോ ചെയ്തവർക്ക് ആ തെരഞ്ഞെടുപ്പിൽതന്നെ സ്ഥാനാർത്ഥികളായി നിൽക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

എന്നാൽ പൊതുയോഗത്തിന്റെ അംഗമായിരിക്കുന്നിടത്തോളം കാലം മാത്രമേ ഒരാൾക്ക് ഡയറക്ടർബോർഡിൽ അംഗമായിരിക്കാൻ പാടുള്ളു.

59. ഒരിക്കൽ ഉദ്യോഗമൊഴിഞ്ഞ ഡയറക്ടർബോർഡ് മെമ്പർക്ക് വീണ്ടും സ്ഥാനാർത്ഥിയാകുന്നതിനു വിരോധമില്ല.

60. ഒരു ഡയറക്ടർബോർഡുമെമ്പർ ഉദ്യോഗമൊഴിയുന്നത് ഏതൊരു യോഗത്തിൽ വച്ചോ ആ യോഗത്തിൽവച്ചുതന്നെ ഒഴിവുള്ള ഉദ്യോഗത്തിന് തെരഞ്ഞെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം ആ മീറ്റിംഗിലോ അതിന്റെ അടുത്ത ആഴ്ചയിൽ അതേ സ്ഥലത്തും സമയത്തും കൂടുന്ന ഒരു യോഗത്തിലോ വീണ്ടും ഒരു തെരഞ്ഞെടുപ്പ് ഉണ്ടായിട്ടില്ലെങ്കിൽ ഒഴിയുന്ന മെമ്പറന്മാരെത്തന്നെ തെരഞ്ഞെടുത്തതായി വിചാരിക്കാവുന്നതാണ്.

61. ഡയറക്ടർബോർഡുമെമ്പർ സ്ഥാനത്തിൽ തല്കാലമുണ്ടാകുന്ന ഒഴിവുകൾക്ക് ആളുകളെ നിയമിക്കുന്നതിനുള്ള അധികാരം ബാക്കി മെമ്പറന്മാർക്കുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്ന മെമ്പറുടെ ഉദ്യോഗകാലാവധി അയാൾ ആർക്ക്പകരം നിയമിക്കപ്പെടുന്നുവോ അയാളുടെ കാലാവധിതന്നെ ആയിരിക്കുന്നതാണ്.

62. പൊതുയോഗം ഡയറക്ടർബോർഡിൽനിന്നും പ്രസിഡന്റിനേയും ജനറൽ സെക്രട്ടറിയേയും ഖജാൻജിയേയും പ്രത്യേകം പ്രത്യേകം തെരഞ്ഞെടുക്കേണ്ടതാകുന്നു.

63. ഡയറക്ടർബോർഡിലോ കൗൺസിലോ, ഒഴിവുകൾ ഉണ്ടായിരിക്കുമ്പോഴും ബാക്കി മെമ്പറന്മാർക്കും ഡയറക്ടർബോർഡിന്റേയും കൗൺസിലിന്റേയും അധികാരങ്ങളെല്ലാം (പകരം ആൾ നിയമിക്കപ്പെടുന്നതുവരെ) പ്രയോഗിക്കാവുന്നതാണ്.

64. ഡയറക്ടർബോർഡിന്റേയോ കൗൺസിലിന്റേയോ യോഗങ്ങളിൽ വച്ചോ, ഡയറക്ടർബോർഡു മെമ്പറന്മാരുടെ നിലയിലോ ചെയ്യപ്പെടുന്ന പ്രവൃത്തികൾ മേൽ അവസരത്തിൽ അയാളുടേയോ അവരുടേയോ നിയമനങ്ങൾ അസാധുവാണെന്ന് തെളിഞ്ഞാലും ദുർബ്ബലപ്പെടുന്നതല്ല.

## പ്രസിഡന്റ്

65. ജനറൽ മീറ്റിംഗുകളിലും ഡയറക്ടർ ബോർഡു യോഗങ്ങളിലും കൗൺസിൽ മീറ്റിംഗുകളിലും പ്രസിഡന്റ് ഹാജരുള്ളപ്പോൾ അദ്ദേഹം തന്നെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

66. 34–ാം വകുപ്പിൽ വിവരിക്കുന്നപ്രകാരം പ്രസിഡണ്ടും വൈസ് പ്രസ്ഡണ്ടും ഹാജരില്ലാതിരിക്കുകയോ, ഹാജരുണ്ടെങ്കിൽതന്നെ അദ്ധ്യക്ഷത വഹിക്കാതിരിക്കുകയോ ചെയ്യുന്നതായാൽ ഹാജരുള്ള ഒരംഗത്തെ തെരഞ്ഞെടുത്ത് യോഗത്തിൽ അദ്ധ്യക്ഷനായി നിയമിക്കാവുന്നതാകുന്നു.

67. എല്ലാ മീറ്റിംഗുകളിലും അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളെ അധികം വോട്ടനുസരിച്ചും വോട്ട് തുല്യമായി വരുമ്പോൾ താൻ ചേർന്ന പക്ഷത്തിലെ അഭിപ്രായമനുസരിച്ചും പ്രസിഡണ്ട് തീർച്ച ചെയ്യേണ്ടതാകുന്നു.

68. പ്രസിഡണ്ടിന് എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും ജനറൽ ഭരണത്തിന്റേയും പൊതുവേ മേലധികാരം ഉണ്ടായിരിക്കുന്നതും, സ്ഥാപനങ്ങളും റിക്കാർഡുകളും കണക്കുകളും പണവും ഏതവസരത്തിലും പരിശോധിക്കാവുന്നതുമാകുന്നു.

## ജനറൽ സെക്രട്ടറി

69. സർവ്വീസ് സൊസൈറ്റിയുടേയും ഡയറക്ടർ ബോർഡിന്റേയും എക്സിക്യുട്ടീവ് കൗൺസിലിന്റെയും മീറ്റിംഗുകൾ വിളിച്ചുകൂട്ടുക, കൗൺസിലിന്റെ എക്സിക്യുട്ടീവ് ആഫീസർ എന്ന നിലയിലും കൗൺസിലിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായും സൊസൈറ്റി അംഗങ്ങളോടും ഉദ്യോഗസ്ഥന്മാരോടും മറ്റാളുകളോടും സൊസൈറ്റി സംബന്ധമായി എഴുത്തുകുത്തുകൾ നടത്തുക, അംഗങ്ങളെ രജിസ്റ്ററിൽ ചേർത്ത് സർട്ടിഫിക്കറ്റ് കൊടുക്കുക, ആഫീസുക്ലാർക്കന്മാർ, ശിപായിമാർ മുത

ലായി സിൽബന്ധികളെ നിയമിക്കുക, നീക്കുക, മറ്റുപ്രകാരത്തിൽ ശിക്ഷിക്കുക, അവധി കൊടുക്കുക, സൊസൈറ്റിവക കണക്കുകളും മറ്റു റിക്കാർഡുകളും എഴുതി സൂക്ഷിക്കുക, കേരള സർവ്വീസ് ബാങ്കിൽ സൊസൈറ്റി പ്രാതിനിധ്യം വഹിക്കുക, ബഡ്ജറ്റും ബാക്കിപത്രവും വാർഷിക റിപ്പോർട്ടും തയ്യാറാക്കി കൗൺസിലിലും ഡയറക്ടർബോർഡിലും പൊതുയോഗത്തിലും ഹാജരാക്കുക, എന്നീ സാമാന്യകൃത്യങ്ങളും സൊസൈറ്റിയിൽ നിന്നോ ബോർഡിൽനിന്നോ കൗൺസിലിൽ നിന്നോ ചുമതലപ്പെടുത്തുന്ന വിശേഷാൽ കൃത്യങ്ങളും എക്സിക്യുട്ടീവ് കൗൺസിലിന്റെ കൃത്യനിർവ്വഹണത്തിന് വേണ്ട മറ്റു ജോലികളും ജനറൽ സെക്രട്ടറിക്കുണ്ടായിരിക്കുന്നതാണ്.

70. കൗൺസിലിന്റെ നിർദ്ദേശങ്ങൾക്ക് വിപരീതമല്ലാത്തവിധത്തിൽ അംഗങ്ങളുടെ ഫീസ്, സംഭാവന, പാട്ടം, ആദായം മുതലായി സൊസൈറ്റിക്കുള്ള ഏതു സംഖ്യയും രസീതുകൊടുത്തു വാങ്ങി ഖജാൻജിയെ ഏൽപിക്കുന്നതിനും, പൊതുയോഗമോ കൗൺസിലോ അനുവദിച്ചിട്ടുള്ള സംഖ്യ ആവശ്യാപോലെ ഖജാൻജിയോട് വാങ്ങി ചെലവു ചെയ്യുന്നതിനുള്ള അധികാരവും ചുമതലയും ജനറൽ സെക്രട്ടറിക്കുള്ളതാണ്.

71. ആയിരം രൂപയിൽ കവിയാത്ത സംഖ്യ ജനറൽ സെക്രട്ടറിയുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതാകുന്നു.

72. വരവുചെലവുകൾക്ക് ശരിയായ കണക്ക് ജനറൽ സെക്രട്ടറി എഴുതി മാസാവസാനത്തിൽ ഖജാൻജിയും ജനറൽ സെക്രട്ടറിയും ഒപ്പിട്ട് കൗൺസിലിൽ ഹാജരാക്കി പാസ്സാക്കിക്കേണ്ടതാകുന്നു. സൊസൈറ്റി സംബന്ധമായ കണക്കുകളും റിക്കാർഡുകളും ജനറൽ സെക്രട്ടറി സുക്ഷിക്കേണ്ടതാകുന്നു.

73. ജനറൽസെക്രട്ടറി ശമ്പളം പറ്റാൻ പാടില്ലാത്തതും എന്നാൽ പൊതുയോഗം നിശ്ചയിക്കുന്ന സംഖ്യ ആണ്ടുതോറുമോ മാസം തോറുമോ അലവൻസായി വാങ്ങാവുന്നതുമാകുന്നു.

## ഖജാൻജി

74. സൊസൈറ്റിവകയായി കൈവശംവരുന്ന പണം കൗൺസിൽ നിശ്ചയപ്രകാരം സൂക്ഷിക്കുകയും നിക്ഷേപിക്കുകയും ചെയ്യുക, ജനറൽ സെക്രട്ടറിയുടെ രസീതുവാങ്ങി ചെലവിനുള്ള പണം ഏല്പിക്കുക, സൊസൈറ്റിവക സ്ഥാപനങ്ങളിലെ കണക്കുകളും നീക്കിയിരുപ്പും പരിശോധിച്ച് റിപ്പോർട്ടുചെയ്യുക, സൊസൈറ്റി വാദിയായോ പ്രതിയായോ ഉള്ള കേസുകളിൽ കൗൺസിൽ മറ്റു പ്രകാരം നിശ്ചയിച്ചിട്ടില്ലെങ്കിൽ കക്ഷിയായി കൗൺസിലിന്റെ നിർദ്ദേശപ്രകാരം വ്യവഹാരം നടത്തുക ഇവ ഖജാൻജിയുടെ കൃത്യമാകുന്നു.

## വരവുചെലവുകണക്ക്

75. വരവുചെലവുകണക്കുകളുടേയും ഇവയിൽ ഓരോന്നിന്റേയും ഇനം വിവരിച്ചും, സൊസൈറ്റി വക സ്വത്തുക്കളുടേയും കടങ്ങളുടേയും വിവരം കാണിച്ചും ശരിയായ കണക്കുകൾ വയ്ക്കേണ്ടതാണ്. കണക്കുവക റിക്കാർഡുകൾ സൊസൈറ്റി ആഫീസിലോ കൗൺസിലിനു യുക്തമെന്നു തോന്നുന്ന സൊസൈറ്റി വക മറ്റു സ്ഥലത്തോ സൂക്ഷിക്കേണ്ടതാണ്. ടി കണക്കുകൾ കൗൺസിലിന്റേയും ഡയറക്ടർ ബോർഡിന്റേയും അവരുടെ അനുവാദപ്രകാരം സൊസൈറ്റി മെമ്പറന്മാരുടേയും പരിശോധനയ്ക്ക് വിഷയമാകാവുന്നതാണ്.

76. ഓരോ കൊല്ലവും കൂടുന്ന വർഷാവസാനത്തിലെ പൊതുയോഗത്തിൽ തന്നാണ്ടത്തെ ബാക്കിപത്രവും വാർഷിക റിപ്പോർട്ടും അടുത്തകൊല്ലത്തെ വരവുചെലവുകൾക്കുള്ള ബഡ്ജറ്റും കൗൺസിൽ തയ്യാറാക്കി ഡയറക്ടർബോർഡിന്റെ അംഗീകാരത്തോടുകൂടി ജനറൽ സെക്രട്ടറി ഹാജരാക്കേണ്ടതും പൊതുയോഗം പാസാക്കുന്ന ബഡ്ജറ്റനുസരിച്ച് ഡയറക്ടർബോർഡിന്റെ നിയന്ത്രണത്തിൽ കൗൺസിൽ മുതൽ ശേഖരിക്കുകയും ചെലവുകൾ നടത്തുകയും ചെയ്യേണ്ടതും ആകുന്നു.

## ആഡിറ്റിംഗ്

77. തിരുവിതാംകുർ കമ്പനി റഗുലേഷൻ 148–ഉം 149–ഉം വകുപ്പും പ്രകാരം നിർണ്ണയിക്കപ്പെട്ട അധികാരങ്ങളോടുകുടി ആഡിറ്ററന്മാരെ നിയമിക്കേണ്ടതാണ്. ആ വകുപ്പുകളിൽ ഷെയർ ഉടമസ്ഥർ എന്ന വാക്കിന് ഇവിടെ മെമ്പർ എന്നർത്ഥം കല്പി ക്കേണ്ടതാണ്. ആ വകുപ്പുകളിൽ നിയമപ്രകാരം വിളിച്ചുകുട്ടപ്പെടുന്ന മീറ്റിംഗ് എന്ന പദങ്ങൾക്ക് പകരം ഇവിടെ ഒന്നാമത്തെ ജനറൽ മീറ്റിംഗ് എന്നു വായിക്കേണ്ടതാണ്.

## നോട്ടീസ്

78. ഏതെങ്കിലും ഒരു മെമ്പർക്ക് ആൾ മുഖാന്തിരമോ തപാൽ വഴിയോ നോട്ടീസു കൊടുക്കാവുന്നതാണ്. തപാലിൽ അയയ്ക്കപ്പെടുന്ന നോട്ടീസ് ശരിയാകും വണ്ണം മേൽവിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച് പെട്ടിയിലിടുമ്പോൾ നോട്ടീസയച്ചതായി വിചാരിക്കാവുന്നതാണ്. എന്നാൽ നോട്ടീസ് അയച്ചു എന്നുള്ളതിലേയ്ക്ക് രേഖ സമ്പാ ദിച്ചിരിക്കണം.മുറപ്രകാരം തപാൽ കിട്ടേണ്ട സമയത്തു ടി നോട്ടീസ് കിട്ടിയതായിട്ടും വിചാരിക്കാവുന്നതാണ്.

79. എല്ലാ മീറ്റിംഗുകൾക്കും എല്ലാ അംഗങ്ങൾക്കും യോഗം കൂടുന്നതിന് നിശ്ച യിച്ചിട്ടുള്ള സമയവും സ്ഥലവും കാര്യപരിപാടിയും കാണിച്ച് ഏഴുദിവസങ്ങൾക്കു മുമ്പ് നോട്ടീസ് കൊടുക്കേണ്ടതാകുന്നു.

80. നോട്ടീസ് ഏതെങ്കിലും അംഗം കൈപ്പറ്റിയിട്ടില്ലെന്നോ ഏതെങ്കിലും അംഗ ത്തിനു കിട്ടീട്ടില്ലെന്നോ ഉള്ള കാരണത്താൽ ആ യോഗത്തിന്റെ യാതൊരു പ്രവൃ ത്തിയും അസാധുവാകുന്നതല്ല.

81. വിശേഷാൽ നിശ്ചയങ്ങൾ പാസാക്കുകയും സ്ഥിരീകരിക്കുകയും ചെയ്യു ന്നതിനായി കൂടേണ്ട രണ്ട് ജനറൽ മീറ്റിംഗുകൾക്ക് ഒന്നായി നോട്ടീസു കൊടുക്കാവു ന്നതാകുന്നു.

## പലവക

82. സൊസൈറ്റിക്കുവേണ്ടി പണം കടം കൊടുക്കുക, സ്വത്തുക്കൾ സമ്പാ

ദിക്കുക മുതലായ 'സൊസൈറ്റിയുടെ ധനസംബന്ധമായ ഇടപാടുകളെല്ലാം പ്രസിഡണ്ടിന്റെ പേരിൽ ചെയ്യേണ്ടതാകുന്നു. എന്നാൽ സൊസൈറ്റിവക വല്ല പണവും തിര്യെ വാങ്ങി ഒഴികുറി കൊടുക്കയോ, പ്രമാണം കൊടുത്തു പണം കടം വാങ്ങുകയോ, സ്ഥാവര ജംഗമവസ്തുക്കൾ കൈമാറ്റം ചെയ്യുകയോ, വല്ല പണവും ഈടാക്കുന്നതിനായി നമ്പരു കൊടുക്കുകയോ, വാദിയോ പ്രതിയോ ആയി വ്യവഹാരങ്ങൾ നടത്തുകയോ, വ്യവഹാരങ്ങൾ രാജിയായിത്തീർക്കുകയോ ചെയ്യുന്നതിന് മുൻ നിബന്ധനയ്ക്ക് വിധേയമായി ഡയറക്ടർബോർഡിന് ജനറൽ സെക്രട്ടറിയേയോ ഖജാൻജിയേയോ മെമ്പറന്മാരിൽ ആരെയെങ്കിലുമോ ഓരോ സംഗതികൾക്കും പ്രത്യേകം അധികാരപ്പെടുത്തി നിയമിക്കാവുന്നതാകുന്നു. പ്രത്യേകം ആരേയും അധികാരപ്പെടുത്താത്ത കാര്യങ്ങളിൽ വാദിയായോ പ്രതിയായോ കേസുനടത്തുന്നതിന് ഖജാൻജിക്ക് സ്വയമേവ അധികാരമുണ്ടായിരിക്കുന്നതാണ്.

83. കൗൺസിൽ യോഗവും ഡയറക്ടർ ബോർഡുയോഗവും പൊതുയോഗവും സാധാരണയായി ഹെഡ്ഡാഫീസിൽവെച്ച് നടത്തേണ്ടതാകുന്നു. ആവശ്യമുള്ള പക്ഷം മറ്റു സ്ഥലങ്ങളിൽവച്ചും നടത്താവുന്നതാകുന്നു.

84. സർവ്വീസ് സൊസൈറ്റിയുടെ ആദ്യപേരായ "നായർ സമുദായ ഭൃത്യജനസംഘം" എന്ന പേരിലും ഇപ്പോഴത്തെ പേരായ "നായർ സർവ്വീസ് സൊസൈറ്റി" എന്ന പേരിലും എഴുതി വാങ്ങീട്ടുള്ളതും മേലാൽ എഴുതി വാങ്ങുന്നതുമായ എല്ലാ സ്വത്തുക്കളും സ്ഥാപനങ്ങളും സർവ്വീസ് സൊസൈറ്റിവക ആയിരിക്കുന്നതാണ്.

85. സൊസൈറ്റിയിലെ അംഗമെന്നനിലയിൽ അടച്ച സംഖ്യതിരികെ കിട്ടണമെന്ന് മെമ്പറന്മാർക്കോ സംഭാവന ചെയ്ത സംഖ്യ മടക്കിക്കിട്ടണമെന്ന് ആർക്കെങ്കിലുമോ അവകാശപ്പെടാൻ പാടില്ലാത്തതാകുന്നു.

86. സൊസൈറ്റിയിൽ നിന്നും എഴുതിക്കൊടുക്കുന്ന ആധാരങ്ങളിലും മറ്റു പ്രമാണങ്ങളിലും സൊസൈറ്റിയുടെ മുദ്ര പതിച്ചിരിക്കേണ്ടതാകുന്നു.

87. ഡയറക്ടർബോർഡിന്റെ യുക്തപ്രകാരം കേരളത്തിന്റെ ഏതു ഭാഗത്തു വെച്ചെങ്കിലും സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നായർ മഹാ സമ്മേളനം നടത്താവുന്നതും സ്മുദായോൽക്കർഷത്തിനാവശ്യമുള്ള സംഗതികളെപ്പറ്റി ആ സമ്മേളനം പാസ്സാക്കുന്ന നിശ്ചയങ്ങളെ ആവശ്യാനുരണം നടപ്പിൽ വരുത്താൻ ശ്രമിക്കാവുന്നതുമാകുന്നു.

88. സർവ്വീസ് സൊസൈറ്റിയിലോ സൊസൈറ്റിയുടെ ഏതെങ്കിലും ഡിപ്പാർട്ടു മെന്റിലോ സ്ഥാപനത്തിലോ ഉള്ള യാതൊരു ഉദ്യോഗസ്ഥനും എക്സിക്യൂട്ടീവ് കൗൺസിലിന്റെ അനുമതി കുടാതെ ഇതര സ്ഥാപനങ്ങളിൽ അംഗമായിരുന്നുകുടാത്തതാകുന്നു.

89. സർവ്വീസ് സൊസൈറ്റി ശാശ്വതനിധി സ്ഥാവര സ്വത്തായും മറ്റും മാറ്റാതെ ദ്രവ്യനിധിയായി (ലികിഡ് അസ്സറ്റ്)ത്തന്നെ സൂക്ഷിക്കേണ്ടതാണ്.

90. പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് എൻ.എസ്.എസ്. ഡയറക്ടർ ബോർഡു ണ്ടാക്കുന്ന തെരഞ്ഞെടുപ്പ് നിബന്ധനകൾ അനുസരിച്ച് എൻ.എസ്.എസ്. എക്സിക്യൂട്ടീവ് കൗൺസിൽ നിയോഗിക്കുന്ന ഇലക്ഷൻ കമ്മീഷന്റെ ചുമതലയിൽ നടത്തേണ്ടതും തെരഞ്ഞെടുപ്പിന് കൗൺസിലിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാകുന്നു.

--------------

## എ. ഫാറം

# നായർ സർവ്വീസ് സൊസൈറ്റി മെമ്പറാകുന്നതിനുള്ള

# അപേക്ഷാഫാറം

1. അപേക്ഷകന്റെ പുർണ്ണമായ പേര്
2. വീട്ടുപേര്
3. കര (മുറി)
4. പകുതി
5. താലൂക്ക്
6. സംസ്ഥാനം
7. വയസ്സ്
8. തൊഴിൽ
9. സ്ഥിരം മെമ്പറോ ആയുഷ്ക്കാലമെമ്പറോ എന്ന്
10. ഒപ്പ്
11. ആണ്ടുമാസം തീയതി
12. തീർച്ച

അപേക്ഷയോടുകൂടി അയയ്ക്കേണ്ട ഇരുന്നൂറ്റിയമ്പത് രൂപാ ഇതു സഹിതം അയയ്ക്കുന്നു.

(ഒപ്പ്)

## ബി. ഫാറം

### നായർ സർവ്വീസ് സൊസൈറ്റി മെംബർ സർട്ടിഫിക്കറ്റ്

രജിസ്റ്റർ നമ്പർ

സർട്ടിഫിക്കറ്റ് നമ്പർ

സംസ്ഥാനത്തിൽ

പകുതിയിൽ

താലൂക്കിൽ

മുറിയിൽ (കരയിൽ)

അവർകളെ

വീട്ടിൽ

തിരുവിതാംകൂർ കമ്പനി റഗുലേഷൻപക്രാരം 1100–ൽ 12–ാം നമ്പരായി രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള നായർ സർവ്വീസ് സൊസൈറ്റിയിലെ ഒരു ആയുഷ്ക്കാല മെംബറായി ചേർക്കുകയും മി.

മെംബർഷിപ്പിനടയ്ക്കേണ്ട 5000 (അയ്യായിരം) രൂപാ അടയ്ക്കുകയും ചെയ്തിരിക്കുന്നു എന്ന് ഞാൻ ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

ഹെഡ് ആഫീസ് –ചങ്ങനാശേരി

–ാമാണ്ട് മാസം നു ജനറൽ സെക്രട്ടറി

---

## ബി. ഫാറം

### നായർ സർവ്വീസ് സൊസൈറ്റി മെംബർ സർട്ടിഫിക്കറ്റ്

രജിസ്റ്റർ നമ്പർ

സർട്ടിഫിക്കറ്റ് നമ്പർ

സംസ്ഥാനത്തിൽ

താലൂക്കിൽ

പകുതിയിൽ

–ാം നമ്പർ എൻ. എസ്സ്. എസ്സ്. നായർ കരയോഗത്തെ തിരുവിതാംകൂർ കമ്പനി റഗുലേഷൻപ്രകാരം 1100 – ൽ 12–ാം നമ്പരായി രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള നായർ സർവ്വീസ് സൊസൈറ്റിയിലെ ഒരു സ്ഥിരാംഗമായി ചേർക്കുകയും ടി കരയോഗം മെമ്പർഷിപ്പിനടച്ചുതീർക്കേണ്ട 1000(ആയിരം) രൂപാ അടയ്ക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഞാൻ ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

ഹെഡ്ഢാഫീസ് – ചങ്ങനാശേരി

–ാമാണ്ട് മാസം നു ജനറൽ സെക്രട്ടറി

**രണ്ടാം വകുപ്പിൽ പറയുന്ന 80 അംഗങ്ങളുടെ**

## പേരുവിവരം

**മെസ്സേഴ്സ്**

1. കെ. കേളപ്പൻനായർ ബി. ഏ. കടലൂർ, മലബാർ (മരിച്ചു)
2. റ്റി. എസ്. മാധവൻപിള്ള, തളിയിൽ വീട്, വാഴപ്പള്ളി, ചങ്ങനാശേരി(മരിച്ചു)
3. കെ. പത്മനാഭപിള്ള, പൊതുവാടത്തുവീട്, വാഴപ്പള്ളി ടി ടി
4. എസ്. പത്മനാഭപിള്ള, കൊറ്റനാട്ടിൽ വീട്, പുഴവാത് ടി ടി
5. കെ. കൃഷ്ണപിള്ള, കൊണ്ടൂർ വീട്, തൃക്കൊടിത്താനം, ചങ്ങനാശേരി (മരിച്ചു)
6. പി. വി. കൃഷ്ണപിള്ള, പടിഞ്ഞാറേ നെന്മേലിൽ വീട്, പെരുന്ന, ചങ്ങനാശേരി (മരിച്ചു)
7. കെ. പത്മനാഭപിള്ള, മന്നത്തുവീട്, പെരുന്ന കിഴക്ക് ടി ടി
8. കൊച്ചുകുഞ്ഞുകുറുപ്പ്, നാഗവള്ളിൽവീട്, രാമങ്കരി ടി ടി
9. നാരായണപ്പണിക്കർ, കാക്കനാടുവീട്, വെളിയനാട് ടി ടി
10. എൻ. സി. ത്രിവിക്രമക്കയ്മൾ, നൈനാടത്തുവീട്, ഈര,നീലംപേരൂർ, ചങ്ങനാശേരി (മരിച്ചു)
11. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള, ബി. ഏ.,ബി. എൽ.മണക്കാട്ടുവീട്, വാഴപ്പള്ളി, ചങ്ങനാശേരി (മരിച്ചു)
12. കെ.കണ്ണൻമേനോൻ, കപ്പനവീട്, തലശേരി, മലബാർ ടി
13. കെ.ഗോവിന്ദപ്പിള്ള, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര ടി
14. ആർ. കേശവപിള്ള, എലിക്കുഴ, കല്ലുപ്പാറ, തിരുവല്ല ടി
15. പി. പരമേശ്വരൻപിള്ള, താന്നിക്കൽവീട്, പ്രാക്കുളം, കൊല്ലം ടി
16. കെ ശിവരാമപ്പണിക്കർ, ബി. ഏ. എൽ. റ്റി. കട്ടിയാട്ടുവീട്,വയലാർ, ചേർത്തല (മരിച്ചു)
17. എം. എൻ. നായർ ബി. ഏ. മണിമലവീട്, കുമരകം, കോട്ടയം ടി
18. എൻ. കെ. കൃഷ്ണപിള്ള, നരിയൻകുന്നേൽവീട്, ഏറ്റുമാനൂർ ടി
19. കെ. കേശവക്കുറുപ്പ്, സുമുദായത്തിൽവീട്, കരുവാറ്റ, കാർത്തികപ്പള്ളി (മരിച്ചു)
20. കൃഷ്ണക്കുറുപ്പ്, ഇല്ലിക്കുളത്തുവീട്, കരുവാറ്റ, കാർത്തികപ്പള്ളി (മരിച്ചു)
21. നാരായണപ്പണിക്കർ, നരായണംപുരത്തുവീട്, കരുവാററ, കാർത്തികപ്പള്ളി (മരിച്ചു)

22. കുഞ്ഞുണ്ണിപ്പിള്ള, കുന്നപ്പള്ളിൽവീട്, ചമ്പക്കര, ചങ്ങനാശേരി ടി
23. പി. കെ. പിള്ള, പാലക്കുന്നത്തുവീട്, ചേർത്തല ടി
24. പെരുന്ന കിഴക്കുംഭാഗം നായർസമാജം, പെരുന്ന, ചങ്ങനാശേരി
25. കെ. പി. ശങ്കരപ്പിള്ള, കലവറവീട്, പല്ലന, തൃക്കുന്നപ്പുഴ ടി
26. കാർത്ത്യായനിക്കുഞ്ഞമ്മ, വള്ളുകപ്പള്ളിലായ നാറാണത്തുവീട്, കൃഷ്ണപുരം, കരുനാഗപ്പള്ളിടി
27. കരുവാറ്റാതെക്കുംമുറി നായർ സമാജം, കരുവാറ്റ
28. രാമകൃഷ്ണപ്പണിക്കർ, ചാലയിൽവീട്, കാവാലം (മരിച്ചു)
29. ലക്ഷ്മിക്കുട്ടിയമ്മ , തെക്കേതിൽ പുത്തൻവീട്, കരുവാറ്റ (മരിച്ചു)
30. ശങ്കരപ്പിള്ള, പള്ളിപ്പുറത്തുവീട്, പെരുന്ന, ചങ്ങനാശേരി (മരിച്ചു)
31. പി. ജി. ഗോവിന്ദൻനായർ പറപ്പള്ളിൽവീട്, മാടമൺ, വടശേരിക്കര ടി
32. ജി. വേലുക്കുട്ടൻനായർ, നിലയ്ക്കത്താനത്തായ കോവുക്കുന്നേൽവീട്, നെടുംകുന്നം ടി
33. തോന്നല്ലൂർനായർ പ. സ. സംഘം, പന്തളം, മാവേലിക്കര
34. പി. രാഘവൻപിള്ള, പട്ടിരേത്തുവീട്, തോന്നല്ലൂർ, പന്തളം. (മരിച്ചു)
35. എൻ. രാമകൃഷ്ണപിള്ള ബി. ഏ. ബി. എൽ., പുഴക്കരവീട്, കുലശേഖരമംഗലം, വൈക്കം ടി
36. നാരായണപിള്ള, കാപ്പിള്ളിൽ പുത്തൻവീട്, മാണിക്കമംഗലം, കുന്നത്തുനാട് (മരിച്ചു)
37. 59–ാം നമ്പർ കരമ്പാലകടയ്ക്കാട് നായർ പ.സ. സംഘം, പന്തളം
38. വി. രാമവല്യതാൻ, വട്ടപ്പറമ്പിൽ, തിരുവല്ല (മരിച്ചു)
39. എൻ. പരമേശ്വരൻപിള്ള, ബി. എ. ബി. ഇ. മഞ്ചനാമഠം, വടക്കേക്കര, തിരുവല്ല (മരിച്ചു)
40. റ്റി. എൻ. കുഞ്ഞുരാമൻനായർ, ബാർ–അറ്റ്–ലാ,മീനാക്ഷിമന്ദിരം, തിരുവനന്തപുരം ടി
41. എം. പത്മനാഭപിള്ള ബി. ഏ. എൽ. ടി., കൈനിക്കരവീട്, പെരുന്ന, ചങ്ങനാശേരി ടി

42. കൃഷ്ണക്കുറുപ്പ്, ആയിക്കുന്നത്തുവീട്, കരുവാറ്റ, കാർത്തികപ്പള്ളി(മരിച്ചു)

43. പി. കൃഷ്ണൻനായർ,പുത്തേത്തുവീട്, പൊത്തപ്പള്ളിവടക്ക്, ഹരിപ്പാട്(മരിച്ചു)

44. ഗോവിന്ദപ്പിള്ള, പെരിങ്ങേലി വീട്, കിളിമാനൂർ. ടി

45. എ. എസ്സ്. ദാമോദരനാശാൻ ബി. ഏ. ബി. എൽ. ടി

അമ്പലപ്പാട്ടുവീട്, ചെന്നിത്തല(മരിച്ചു)

46. കെ. നാരായണപിള്ള, തട്ടയ്ക്കാട്ടേത്തുവീട്, തെക്കേക്കര, മാവേലിക്കര (മരിച്ചു)

47. ജി. നാരായണപിള്ള ബി. ഏ. ബി. എൽ. കോളത്രവീട്,മുല്ലപ്പുഴശേരി വീട്,

തിരുവല്ല (മരിച്ചു)

48. സി. ജി. ഗോവിന്ദപിള്ള, ചിറ്റേട്ട്വീട്, ചെറുതോട്ടുരുമുറി, കല്ലുപ്പാറ, തിരുവല്ല (മരിച്ചു)

49. വായ്പൂര് നായർ കരയോഗം, കല്ലുപ്പാറ, തിരുവല്ല

50. എൻ. ശങ്കരപ്പിള്ള, പാണ്ടവത്തുവീട്,പല്ലന, തൃക്കുന്നപ്പുഴ (രാജിവച്ചു)

51. എം. രാമകൃഷ്ണപിള്ള, മഞ്ഞപ്പള്ളിൽവീട്, ഇളങ്ങളം, പൊൻകുന്നം(മരിച്ചു)

52. കെ. നാരായണക്കുറുപ്പ്, ചൂരക്കുന്നത്തുവീട്, കവിയൂർ (മരിച്ചു)

53. കെ. നാരായണപിള്ള, മഠത്തിൽ, കവിയൂർ. (മരിച്ചു)

54. കവിയൂർ പടിഞ്ഞാറ്റുംചേരി നായർ കരയോഗം, കവിയൂർ

55. ഇ. ഗോവിന്ദമേനവൻ, പറയത്തുവീട്, മാണിക്കമംഗലം (മരിച്ചു)

56. കെ. ജി. നീലകണ്ഠപിള്ള, കാരുവള്ളിൽ വീട്, കിടങ്ങൂർ ടി

57. എൻ. പരമേശ്വരൻപിള്ള, ഇരുട്ടുകുഴിവീട്, കിടങ്ങൂർ (മരിച്ചു)

58. കവിയൂർ ഞാൽഭാഗം കരയോഗം, കവിയൂർ, തിരുവല്ല

59. വി. നാരായണൻനായർ, പടിഞ്ഞാറെവീട്, വാഴപ്പള്ളി, ചങ്ങനാശേരി(മരിച്ചു)

60. പി. നാരായണൻനായർ ബി. ഏ. ബി. എൽ. പടിഞ്ഞാറെ മഠം,

വടക്കേക്കര മുണ്ടൻകാവ്, തിരുവല്ല (മരിച്ചു)

61. കെ. സി. ദാമോദരമേനോൻ, ലക്ഷ്മീമന്ദിരം, കണ്ടനാട്, പാറക്കടവ് (മരിച്ചു)

62. പി. കെ. നാരായണപ്പണിക്കർ, ഇലഞ്ഞിവേലിൽവീട്, കവിയൂർ (മരിച്ചു)

63. സി. ജി. നാരായണക്കുറുപ്പ്, ചമ്പക്കരളാകയിൽവീട്, കവിയൂർ (മരിച്ചു)

64. വി. ജി. ശങ്കരനാരായണപിള്ള ബി. ഏ. ബി. എൽ. വടക്കേടത്തുവീട്,

മുരണി, തിരുവല്ല ടി

65. പി.ജി. കുട്ടപ്പണിക്കർ, പുലിപ്രപുത്തൻവീട്, കല്ലൂപ്പാറ, തിരുവല്ല ടി

66. കെ. എൻ. നീലകണ്ഠൻനായർ ബി. ഏ., പഴയമഠം, കാവാലം പുളിങ്കുന്ന് (മരിച്ചു)

67. പി. കെ. പത്മനാഭപിള്ള, കുന്നംപുറത്തുവീട്, പുഴവാത്,ചങ്ങനാശേരി ടി

68. കേശവപിള്ള, കൈപ്പടവീട്,ചെമ്പിളാവ്,കിടങ്ങൂർ (മരിച്ചു)

69. കെ. നാരായണപിള്ള, മുര്യംവേലിൽവീട്, കിടങ്ങൂർ ടി

70. രാമൻപിള്ള, വെള്ളാപ്പള്ളിൽവീട്,മറ്റക്കര, കോട്ടയം ടി

71. ശങ്കരനുണ്ണി, കുറുപ്പംമഠത്തുവീട്, പുന്നത്തുറ, കോട്ടയം ടി

72. നാരായണപിള്ള, കറുത്തേടത്തുനിന്നും തെക്കും വടാനതാമസം,
കുമ്മണ്ണൂർ, കിടങ്ങൂർ ടി

73. എസ്. കൃഷ്ണപിള്ള ബി. ഏ. ബി. എൽ., ചേലക്കാട്ടുവീട്, പുതുപ്പള്ളി,
കരുനാഗപ്പള്ളി (മരിച്ചു)

74. വി.ഗോവിന്ദമേനോൻ ബി. ഏ. എൽ. ടി., വാക്കനാട്ട്വീട്, കോലോളം അംശം, പൊന്നാനി,
സൗത്ത് മലബാർ (മരിച്ചു)

75. എൻ. പപ്പുപിള്ള, വെന്നിയിൽവീട്, മറ്റംവടക്ക്, കണ്ണമംഗലം, മാവേലിക്കര (മരിച്ചു)

76. 163–ാം നമ്പർ ഏഴാച്ചേരി എൻ. എസ്. എസ്. കരയോഗം രാമപുരം, മീനിച്ചൽ

77. പി. എൻ. കൃഷ്ണപ്പണിക്കർ, പനങ്ങോട്ടുവീട്, മുട്ടാർ,ചങ്ങനാശേരി(മരിച്ചു)

78. കെ. എൻ. നാലകണ്ഠക്കയ്മൾ, കുന്നത്തുർവീട്, കോവിൽവട്ടം,
കല്ലുപ്പാറ, തിരുവല്ല (മരിച്ചു)

79. കെ. പി. ഗോപാലൻനായർ, കാഞ്ഞിലി പത്മവിലാസം വീട്,
കോതകുളങ്ങര, കുന്നത്തുനാട് (മരിച്ചു)

80. കെ. പരമേശ്വരൻപിള്ള, കൊണ്ടൂർവീട്, തൃക്കൊടിത്താനം (മരിച്ചു)